
JANUARY - MARCH 2022

# GREEN PORT

Cochin International Airport Ltd. Magazine




# CIAL'S GREEN TRIBUTE TO MALABAR

**Hon. Chief Minister Shri. Pinarayi Vijayan Inaugurated CIAL'S Payyanur Solar Plant**




Handful of Unique

**Handicrafts & Souvenirs**

from

cochin DUTY FREE

Best Price. Great Convenience.
Global Shopping

cochindutyfree.com

MD'S NOTE

# Hope; the passion for taking up the challenges

Comes the spring, refreshing minds and hearts; earth & sky; bathing the nature in a hue of green and gold. Spring of 2022, has brought a ray of hope to the hearts and minds of people over the world. Though the pandemic and its clutches loom high, the world seems to have the courage to face the challenge. Aviation has opened up further. Indian Aviation followed suit and has opened back to normal international operations with the 2022 Summer Schedule.

It's often stated 'Every Cloud has a Silver Lining' however bleak and dark the cloud maybe, a silver line exists and will reveal itself. Even though CIAL tried its best and did everything, a direct European connection had remained a wishful dream. However, during the pandemic time, a direct European connectivity became a reality. The ray of hope has come along with stiff competition from our nearby airports, who are on the lookout for the opportunities and for grabbing their market share.

Covid 19 is yet to fully leave the universe and could still de-stabilize. The economic state of the world is still to reach back the stability. Defying the challenges, the company made significant strides in infrastructural project implementation during the time of the Pandemic. CIAL commissioned a 4.5 MWp Arippara Hydropower project in November 2021 and a 12 MWp Payyanur Solar plant in March 2022. CIAL also started renovation work for the T2 terminal, to convert it into a business jet terminal, in September 2021. The introduction of new methods of corporate governance and financial restructuring helped CIAL to overcome the turmoil. I have immense pleasure to announce that the financial performance of the company has started showing a positive growth rate and we are hopefully looking for an optimistic balance sheet for the FY 2021-22. The guidance and the patronage rendered by Hon. Chairman and the board of directors have helped the company to triumph over the oddities and I must say we are on the right track.

While a ray of hope flickers in the sky, it needs to be taken with caution. Competition thrives making survival, a struggle. We're armoured, but skills need to be sharpened, our armoury modernized and strategies re-visited. More than all these, only an army united in heart & soul; marching hand in hand with a single goal, with determination and commitment, can win the battle.

*Thank you!*



**S.Suhas IAS**



**Managing Editor**
A C K Nair
ED & Airport Director

Design: Story teller

**Editor**
P S Jayan
Senior Manager- PR & CC

**Editorial Board**
A M Shabeer, Executive Director
Jayarajan V, Head – HR
C Dinesh Kumar, GM – Operations
Joseph Peter, GM – Commercial
Dominic Fernandez , AGM – LA
Anoop K, DM – IT
Pran K Pillai, JM – Finance

GREEN PORT

Cochin International Airport Ltd. Magazine

# CONTENTS


6 CIAL Payyannur solar plant inauguration

8 CIAL enhances green energy capacity to 50 MWp

16 Republic day celebration

22 CIAL cross country race

26 CIAL reaffirms its 3rd position in the country

30 CIAL'S passenger traffic doubled in FY – 21-22

32 Fly smart at CIAL

36 CIAL wins covid champion award

40 Yathra

48 Drive the dream

50 CIAL visheshangal

62 Editor's note


Cover: Ariel view of Payyanur solar plant
Inset: Hon. Chief Minister unveils the plaque


*The views and opinions expressed herein are not necessarily those of Cochin International Airport Ltd. (For private circulation only).*



സിയാൽ പയ്യന്നൂർ പ്ലാന്റ് ഉൽഘാടന വേദിയിൽ
തന്നെ കാണാനെത്തിയ കുരുന്നിനോടൊപ്പം
മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ

- രാജ്യത്ത് ഏറെ അധികം പരീക്ഷിക്കപെട്ടിട്ടില്ലാത്ത ഭൗമ ഘടനാനുസൃത സോളാർ പ്ലാന്റ്.
- സ്ഥാപിതശേഷി 12 മെഗാവാട്ട്.
- ഇതോടെ സിയാൽ സോളാർ പ്ലാന്റുകളുടെ മൊത്തം സ്ഥാപിതശേഷി 50 മെഗാവാട്ട് ആയി.
- പ്രതിദിനം 2 ലക്ഷം യൂണിറ്റ് വൈദ്യുതി.
- സിയാൽ ഊർജ സ്വയംപര്യാപ്തതയിൽ നിന്ന് ഊർജോത്പാദനത്തിലേയ്ക്ക് കാർബൺ പാദമുദ്ര കുറയ്ക്കുന്നതിൽ നിർണായകം.

## സിയാലിന്റെ ഹരിത യാത്രയിൽ പുതിയ കാൽവെയ്പ്പ്;

# 12 മെഗാവാട്ട് പയ്യന്നൂർ സൗരോർജ പ്ലാന്റ് ഉദ്ഘാടനം ചെയ്തു.

ലോകത്തിലെ ആദ്യത്തെ സമ്പൂർണ സൗരോർജ വിമാനത്താവളമായ സിയാലിന്റെ സുസ്ഥിരവികസന യാത്ര പുതിയൊരു ദിശയിലേക്ക് കടന്നു. സിയാലിന്റെ പുതിയ ഹരിത ഊർജ്ജ പദ്ധതി; പയ്യന്നൂർ സൗരോർജ പ്ലാന്റ്, മാർച്ച് ആറിന് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നാടിന് സമർപ്പിച്ചു. 12 മെഗാവാട്ടാണ് സ്ഥാപിതശേഷി. കണ്ണൂർ ജില്ലയിലെ പയ്യന്നൂരിനടുത്ത് ഏറ്റുകുടുക്കയിൽ സൗരോർജ പ്ലാന്റിനടുത്തുള്ള വേദിയിലാണ് ഉദ്ഘാടനച്ചടങ്ങ് നടന്നത്.

രാജ്യത്ത് അധികം പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത ഭൗമ ഘടനാനുസൃത സോളാർ പ്ലാന്റ് ആണ് പയ്യന്നുരിലേത്. ഭൂമിയുടെ ഘടനയെ കൃത്യതയോടെ ഉപയോഗിക്കുന്നതിനാൽ ഇത്തരം പ്ലാന്ററുകൾക്ക് നിരപ്പാർന്ന സ്ഥലത്തുള്ള പ്ലാന്റുകളെക്കാൾ 35%ത്തിൽ അധികം പാനലുകളെ ഉൾക്കൊള്ളാൻ കഴിയും. പയ്യന്നൂർ പ്ലാന്റിൽ നിന്ന് മാത്രം പ്രതിദിനം 48,000 യൂണിറ്റ് വൈദ്യുതി ലഭിക്കും. സോളാർ കാർ പോർട്ട് ഉൾപ്പെടെ കൊച്ചി വിമാനത്താവള പരിസരത്തുള്ള എട്ട് സൗരോർജ പ്ലാന്റുകൾ നിലവിൽ സിയാലിന്റെ സൗരോർജ പദ്ധതിയുടെ ഭാഗമാണ്. പയ്യന്നൂർ പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതോടെ സിയാലിന്റെ സോളാർ പ്ലാന്റുകളുടെ സ്ഥാപിതശേഷി 50 മെഗാവാട്ട് ആയി വർദ്ധിക്കുകയാണ്. ഇവയിലൂടെ പ്രതിദിനം രണ്ട് ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതിയാണ് സിയാലിന് ലഭിക്കുക. (വിമാനത്താവളത്തിന്റെ പ്രതിദിന ഊർജ ഉപഭോഗം 1.6 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ്) 2021 നവംബറിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത അരിപ്പാറ ജലവൈദ്യുത നിലയത്തിൽ നിന്നും സീസണിൽ പ്രതിദിനം ലഭിക്കുന്ന ഒരു ലക്ഷം യൂണിറ്റ് വൈദ്യുതിക്ക് പുറമെയാണിത്.

'2015-ൽ വിമാനത്താവളം ഊർജ സ്വയംപര്യാപ്തത കൈവരിച്ചതിനുശേഷം, വൈദ്യുതോൽപ്പാദന രംഗത്തുള്ള ഏറ്റവും വലിയ ചുവടുവയ്പ്പാണ് ഈ പദ്ധതിയെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ് പറഞ്ഞു.' വൈദ്യുതി പ്രതിസന്ധിയെക്കുറിച്ച് രാജ്യം



*സിയാൽ പയ്യന്നൂർ സൗരോർജ പ്ലാന്റ് ആകാശദൃശ്യം.* ▲

ചർച്ചചെയ്യുന്ന അവസരത്തിൽ, ഇത്തരമൊരു പദ്ധതി പൂർത്തിയാക്കാൻ സിയാൽ ചെയർമാൻ എന്ന നിലയ്ക്ക് ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയന്റേയും ഡയറക്ടർ ബോർഡ് അംഗങ്ങളുടേയും നേതൃത്വവും മാർഗനിർദേശങ്ങളും നിർണായകമായിരുന്നു. ഊർജ സ്വയം പര്യാപ്തതയുള്ള സ്ഥാപനം എന്നതിലപ്പുറം ഊർജോത്പാദകരായി സിയാൽ മാറുകയാണ്. നിരവധി സവിശേഷതകളുള്ള പ്ലാന്റാണ് പയ്യന്നൂരിലേത്. ലഭ്യമായ ഭൂമിയുടെ ചരിവ് നികത്താതെ സോളാർപാനലുകൾ സ്ഥാപിക്കുന്ന രീതിയാണ് പയ്യന്നൂരിൽ സിയാൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേകതരത്തിൽ രൂപകൽപ്പന ചെയ്ത പാനലുകളാണ് ഉപയോഗിച്ചിട്ടുള്ളത്. 'നമ്മുടെ ആവാസ വ്യവസ്ഥക്ക് കരുതൽ പകർന്നുകൊണ്ടുള്ള ഇത്തരം വികസന പദ്ധതികൾ മറ്റ് ഊർജ്ജ ഉപയോക്താക്കൾക്ക് മാതൃകയാകും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു' എസ്.സുഹാസ് കൂട്ടിച്ചേർത്തു.

## 46 ലക്ഷം വൃക്ഷങ്ങൾക്ക് തുല്യം

പരമ്പരാഗത ഊർജ്ജ സ്രോതസ്സിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിയും പരിസ്ഥിതിക്ക് ഏറെ ഹാനികരം ആകുമ്പോൾ സൗരോർജ വൈദ്യുതി ഉത്പാദനം പരിസ്ഥിതി സൗഹാർദ്ദം ആകുന്നു. 50 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ പ്ലാന്റുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദന പ്രക്രിയക്ക്, പ്രതിവർഷം 28000 മെട്രിക് ടൺ കാർബൺ ഡയോക്സൈഡ് ബഹിർ ഗമനം കുറയ്ക്കാൻ സാധിക്കും. ഒരു കോടി ലിറ്റർ ഫോസിൽ ഇന്ധനങ്ങൾ എരിച്ചുകളയാതിരിക്കുന്നതിനും 7000 കാറുകൾ ഒരു വർഷം നിരത്തിൽ ഉപയോഗിക്കാതിരിക്കുന്നതിനും തുല്യമാണ്. കൂടാതെ 46 ലക്ഷം വൃക്ഷതൈകൾ നട്ടു പിടിപ്പിച്ച് 10 വർഷം കൊണ്ട് ലഭ്യമാക്കപ്പെടുന്ന വായുവിന് തുല്യമാണിത്. സോളാർ പനലുകളിലൂടെ ഉത്പാദിപ്പിക്കുന്ന ഊർജ്ജത്തിന് പരിസ്ഥിതി സംരക്ഷണത്തിൽ ഏറെ പ്രാധാന്യമുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ കാർബൺ പാദമുദ്ര കുറയ്ക്കുക വഴി പരിസ്ഥിതിക്ക് ഗുണകരമാകുന്നു. വിമാനത്താവള പരിസരത്തുള്ള പ്ലാന്റുകളും പയ്യന്നൂർ സൗരോർജ്ജ നിലയവും ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ (കെ. എസ്. ഇ. ബി) പവർ ഗ്രിഡിലേക്ക് നൽകുകയും ആവശ്യമുള്ളപ്പോൾ തിരിച്ചു ലഭിക്കുകയും ചെയ്യുന്ന പവർ ബാങ്കിങ് സമ്പ്രദായമാണ് സിയാൽ നടപ്പിലാക്കുന്നത്. വിമാനത്താവളം പോലെയുള്ള വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഹരിത ഊർജ്ജം എങ്ങനെ ഉപയുക്തമാക്കാം എന്ന് ലോകത്തിനു കാണിച്ചു കൊടുത്ത സ്ഥാപനമാണ് സിയാൽ. ഈ നേട്ടത്തിന് ഐക്യരാഷ്ട്ര സഭയുടെ പരമോന്നത പരിസ്ഥിതി പുരസ്കാരമായ *'ചാമ്പ്യൻസ് ഓഫ് എർത്ത്'* ബഹുമതിയ്ക്ക് സിയാൽ അർഹമായിരുന്നു.

- **A step forward from power neutrality to power positivity.**
- **Decisive in reducing carbon footprint as it cuts $CO_2$ emission by 28K metric ton a year.**
- **State of the art Terrain based installation; a first in South India.**

# CIAL ENHANCES GREEN ENERGY CAPACITY TO 50 MWp

**M**arking the start of another era in sustainable development, Cochin International Airport Ltd (CIAL) ; the airport operator which owns the world's first airport fully powered by solar energy, commissioned its new solar power plant at payyanur. With this, CIAL leaps one step forward from its current status of being a power neutral airport to a power positive airport. The 12 MWp Payyanur Plant was dedicated to the Nation by Hon. Chief Minister of Kerala, Sri. Pinarayi Vijayan in a function held at the Solar Plant premises at Ettukudukka near Payyanur, Kerala on 06th March 2022.

With the commissioning of Payyanur plant the cumulative installed capacity of solar plants of CIAL has been scaled up to 50 MWp. These include seven plants functioning at the premises of the airport, a solar carport and the one to be commissioned now at Payyanur. CIAL's solar power plants will together generate 2 hundred thousands (2 lakhs) of units of power a day whereas the airport's daily power consumption stands at 1.6 hundred thousands of units. CIAL Managing Director S.Suhas IAS attributed the milestone of achieving 50 MWp of installed capacity to the guidelines given to the company by Hon.Chief Minister Sri. Pinarayi Vijayan, who also holds the post of Chairman, CIAL and board of the Directors. "The airport attained the status of World's first airport fully powered by solar energy way back in 2015. As the company has been embarked on a spree of infrastructures development activities, periodic enhancement of the installed capacity of energy projects was required. CIAL is known for its adherence to the idea of sustainable development and which prompted the effective utilization of green energy for all its power requirements. This vision of embracing energy efficiency instigated the construction of eight power plants and a small hydro-electrical project at Arippara, Kozhikode. The latest in the series is the new solar power plant at Ettukudukka near Payyannur" said Sri. Suhas.

# Decisive step in reducing Carbon Foot prints

The power plant boasts of 12 megawatt capacity on a 35-acre land where CIAL Introduced a concept of Terrain based Installation where the geographical characteristics of the area are retained, and no changes have been made in the gradient of the land. Terrain based installation increases the land utilisation compared to flat land by decreasing the space between the Solar module arrays. The land area required for solar PV installation is reduced to approximately 2.75 Acres /MW as compared to 3.75 Acres / MW in flat land. The focus was on building the plant by retaining the gradient of the land. This could accommodate 35 % extra solar panels which will subsequently generate more energy.

A cumulative installed capacity of 50 MWp of green energy contributes fairly to the cause of championing sustainable development.

*A comparison is here:*

- **It reduces the carbon footprint by 2,800 metric tons per year**
- **This is at par with the fresh air that we get by planting 46 lakh tree saplings for 10 years**
- **This is also equivalent to not burning 11.9 million litres of fossil fuels**
- **It is also roughly the same amount of fuel used by over 7000 cars every year**

Cochin International Airport had been recognised by the United Nations in 2018 by bestowing it with ' The Champions of the Earth 'award; the highest environmental award instituted by the United Nations. The award marked that CIAL is proof positive in showing the world that ' green business in good business '



*A panoramic view of CIAL's solar plant at Payyanur* ▲

# വിവാദങ്ങൾ ഉയരുന്നതുകൊണ്ട് നാടിനാവശ്യമായ പദ്ധതി ഉപേക്ഷിക്കില്ല; മുഖ്യമന്ത്രി

ഏതെങ്കിലും തരത്തിലുള്ള വിവാദങ്ങൾ ഉയരുന്നു എന്നുള്ളതുകൊണ്ട് നാടിനാവശ്യമായ പദ്ധതി ഉപേക്ഷിക്കാനോ മാറ്റിവെക്കാനോ, തൽക്കാലം അവിടെ ഇരിക്കട്ടെ എന്ന് വെക്കാനോ ഒന്നും സർക്കാർ തയ്യാറാവില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്-സിയാൽ പയ്യന്നൂർ ഏറ്റുകുടുക്കയിലെ 35 ഏക്കറിൽ സ്ഥാപിച്ച 12 മെഗാവാട്ട് സൗരോർജ പ്ലാന്റ് നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. വൻകിട പദ്ധതികളോടൊപ്പം പരിസ്ഥിതി സൗഹൃദമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി കൊണ്ടാണ് സർക്കാർ മുന്നോട്ടുപോവുന്നത്. ജനങ്ങളാകെ വികസന പ്രവർത്തനങ്ങൾക്ക് അനുകൂലമായ നിലപാട് എടുക്കുന്നത് നാം കണ്ടതാണ്. ചില വികസന പ്രവർത്തനങ്ങൾ, നടപ്പാക്കും എന്ന് പറഞ്ഞാൽ നടപ്പാക്കും എന്നു തന്നെയാണർഥം. വികസന പ്രവർത്തനം ഇപ്പോൾ നടപ്പാക്കാൻ പാടില്ലെന്ന് ചിന്തിക്കുന്ന ചിലരുണ്ട്. ഇപ്പോഴല്ലെങ്കിൽ പിന്നെ എപ്പോഴാണ്-മുഖ്യമന്ത്രി ചോദിച്ചു.

ഇത്തരം വികസന പദ്ധതികൾ നമുക്ക് വേണ്ടിയുള്ളതല്ല. നമ്മുടെ കുഞ്ഞുങ്ങൾക്കും ഭാവി തലമുറക്കും വേണ്ടിയുള്ളതാണ്. അവരുടെ മുന്നിൽ നമ്മൾ കുറ്റക്കാരാകാൻ പാടില്ല. നമ്മുടെ സമൂഹത്തിനും പരിസ്ഥിതിക്കും ഇണങ്ങുന്ന വികസന പ്രവർത്തനങ്ങളാണ് നാം ഏറ്റെടുക്കുകയെന്ന് ഉറപ്പുനൽകുന്നതായി മുഖ്യമന്ത്രി വ്യക്തമാക്കി. അതിന്റെ ഭാഗമായി സൗരോർജ പദ്ധതിയും ചെറുകിട ജലവൈദ്യുത പദ്ധതിയുമൊക്കെ വലിയ തോതിൽ നാട്ടിൽ വരണം. സൗരോർജ പ്ലാന്റ് നമ്മുടെ നാടിന്റെ ഭാവിക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. സംസ്ഥാന സർക്കാരിന്റെ വികസന കാഴ്ചപ്പാടിന് കൂടുതൽ കരുത്തേകാനാണ് സിയാലിന്റെ പരിസ്ഥിതി സൗഹൃദമായ സംരംഭത്തിലൂടെ കഴിഞ്ഞിട്ടുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലഭ്യമായ ഭൂമിയുടെ ചരിവ് നികത്താതെ ഭൗമഘടനാനുസൃത സൗരോർജ പ്ലാന്റ് ആയതിനാൽ നിരപ്പാർന്ന സ്ഥലത്തുള്ള പ്ലാന്റുകളെക്കാൾ 35 ശതമാനത്തിൽ അധികം പാനലുകൾ ഇവിടെ ഉൾക്കൊള്ളാൻ കഴിയുന്നു. ഇവിടെനിന്ന് പ്രതിദിനം 48,000 യൂണിറ്റ് വൈദ്യുതി ലഭിക്കും. ഇതോടെ സിയാലിന്റെ സോളാർ പ്ലാന്റുകളുടെ സ്ഥാപിതശേഷി 50 മെഗാവാട്ട് ആയി വർധിച്ചു. ഇവിടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഭൂഗർഭ കേബിൾ വഴി കാങ്കോൽ 110 കെ വി സബ്സ്റ്റേഷനിലേക്കാണ് നൽകുന്നത്. അധിക വൈദ്യുതി കെഎസ്ഇബിയുടെ പവർ ഗ്രിഡിലേക്ക് നൽകി ആവശ്യമുള്ളപ്പോൾ തിരിച്ചു ലഭിക്കുന്ന പവർ ബാങ്കിങ് സമ്പ്രദായമാണ് സിയാൽ നടപ്പിലാക്കുന്നത്.

സോളാർ പാനലുകളിലൂടെ ഉത്പാദിപ്പിക്കുന്ന ഊർജ്ജത്തിന് പരിസ്ഥിതി സംരക്ഷണത്തിൽ ഏറെ പ്രാധാന്യമുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ കാർബൺ പാദമുദ്ര കുറക്കുക വഴി പരിസ്ഥിതിക്ക് ഗുണകരമാകുന്നു. 50 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ പ്ലാന്റുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദന പ്രക്രിയക്ക്, പ്രതിവർഷം 28000 മെട്രിക് ടൺ കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കാൻ സാധിക്കും. ഒരുകോടി ലിറ്റർ ഫോസിൽ ഇന്ധനങ്ങൾ കരിച്ചുകളയാതിരിക്കുന്നതിനും 7000 കാറുകൾ ഒരു വർഷം നിരത്തിൽ ഉപയോഗിക്കാതിരിക്കുന്നതിനും തുല്യമാണിത്. കൂടാതെ 46 ലക്ഷം വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ച് 10




▲ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്-സിയാൽ പയ്യന്നൂർ ഏറ്റുകുടുക്കയിൽ സ്ഥാപിച്ച 12 മെഗാവാട്ട് സൗരോർജ പ്ലാന്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

വർഷം കൊണ്ട് ലഭ്യമാക്കപ്പെടുന്ന വായുവിന് തുല്യമാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു. വിമാനത്താവള നടത്തിപ്പ് കമ്പനി ഹരിത ഊർജ ഉത്പാദകരാവുകയെന്ന അപൂർവ്വതയാണ് സിയാൽ സാധ്യമാക്കിയത്. ഏറ്റുകുടുക്ക കിണർമുക്കിലെ പ്ലാൻറ് പരിസരത്ത് നടന്ന ചടങ്ങിൽ വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി അധ്യക്ഷനായി. തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ, എം എൽ എ മാരായ ടി ഐ മധുസൂദനൻ, എം രാജ ഗോപാലൻ എന്നിവർ വിശിഷ്ടാതിഥികളായി.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യ, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി വി വൽസല, കാങ്കോൽ-ആലപ്പടമ്പ് പഞ്ചായത്ത് പ്രസിഡൻറ് എം വി സുനിൽ കുമാർ, ചീമേനി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ പി വൽസലൻ, ജില്ലാ പഞ്ചായത്തംഗം എം രാഘവൻ, കാങ്കോൽ-ആലപ്പടമ്പ് പഞ്ചായത്തംഗം ബിന്ദുമോൾ, മുൻ എംപി കെ കെ രാഗേഷ് എന്നിവർ സംബന്ധിച്ചു. സിയാൽ എം ഡി എസ് സുഹാസ് സ്വാഗതവും സിയാൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ പി ജോസ് തോമസ് നന്ദിയും പറഞ്ഞു. പദ്ധതിയുമായി സഹകരിച്ച ടാറ്റ പവർ പ്രതിനിധികൾക്കുള്ള ഉപഹാരം ടി ഐ മധുസൂദനൻ എം എൽ എ നൽകി.
















**CMO Kerala**
@CMOKerala

CM @vijayanpinarayi Inaugurated the new solar power plant at Payyanur commissioned by CIAL, which operates @KochiAirport, the world's first airport fully powered by solar energy. He said that the new 12 MWp plant would give fresh impetus to Kerala's green energy initiatives.



2:25 pm · 06 Mar 22 · Twitter for Android




# കൊച്ചി വിമാനത്താവളത്തിൽ റിപബ്ലിക് ദിനാഘോഷം

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ 73ാം റിപ്പബ്ലിക് ദിനം ആഘോഷിച്ചു. സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഐ. എ. എസ് പതാകയുയർത്തി. സി. ഐ. എസ് എഫ് സേനാ വിഭാഗത്തിന്റെ 2 പ്ലേറ്റൂനുകൾ പരേഡ് നയിച്ചു. കമാൻഡർ പി സുഭാഷ് ഷാ പരേഡിന് നേതൃത്വം നൽകി. എസ്.ഐ മാരായ വിവേക് പാണ്ഡേ, പ്രവീൺ കുമാർ എന്നിവർ പ്ലാറ്റൂണുകളെ നയിച്ചു. എയറോഡ്രോം ചീഫ് സെക്യൂരിറ്റി ഓഫീസർ സുനിത് ശർമ്മ, ഡെപ്യൂട്ടി കമാൻഡന്റ് പ്രേം എം. ജെ, എയർപോർട്ട് ഡയറക്ടർ എ. സി. കെ നായർ, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ എ. എം ഷബീർ, സജി കെ. ജോർജ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.







CIAL
COCHIN INTERNATIONAL AIRPORT LIMITED
Touchdown Saudi in 3 ways
Indigo to start daily services to Dammam and Jeddah on 15th June
CIAL now facilitates 29 weekly services to Saudi Arabia; connecting Riyadh, Jeddah & Dammam

# Fire Service Week programme by ARFF

CIAL Airport Rescue and Fire Fighting (ARFF) conducted various events in connection with Fire service week. National Fire Service Week is observed from 14-20th April every year to sensitize the public on Fire Safety and Fire Prevention and thereby promoting national prosperity.



▲ *Toughest firefighter alive" (TFA) competition conducted at fire station in connection with fire service week 2022*



▲ *Fire safety Quiz competition Winners - "Team CISF*



▲ *Fire safety awareness quiz competition Winner* - Akhil AG (AIASL)



▲ *Fire safety awareness quiz competition Winner* - Abhijith MS (Agile airport service)



▲ *Fire safety awareness quiz competition Winner* - Suja Sushilkumar, Paravoor



▲ *Fire safety Quiz competition, Winner* - Sudheer S. (AIASL)



▲ *Fire safety Quiz competition, Winner*- Sreelaya (CELEBI)


cochin
DUTY FREE
Shopping just got easy!
PRE-ORDER
YOUR PRODUCTS NOW.
Shop @ www.cochindutyfree.com
cochin
DUTY FREE
Order
Fly
Collect
*T&C Apply

# സിയാൽ ക്രോസ് കൺട്രി റൺ സംഘടിപ്പിച്ചു.

ഗോയിങ് ഗ്രീൻ സന്ദേശവുമായി സിയാൽ എയർപോർട്ട് റെസ്ക്യൂ ആൻഡ് ഫയർ ഫൈറ്റിംഗ് സർവീസിന്റെ (എ. ആർ. എഫ്. എഫ്) നേതൃത്വത്തിൽ വിമാനത്താവള പരിസരത്ത് 5 കി.മീ. ക്രോസ്സ് കൺട്രി റൺ സംഘടിപ്പിച്ചു. ദേശിയ അഗ്നി സുരക്ഷ വാരാഘോഷത്തോടനുബന്ധിച്ചായിരുന്നു പരിപാടി. ശ്രീ. എ എം ഷബീർ (എക്സിക്യൂട്ടീവ് ഡയറക്ടർ, സിയാൽ) ഫ്ളാഗ് ഓഫ് ചെയ്തു. സിയാലിൽ നിന്നും മറ്റ് അനുബന്ധ ഏജൻസികളിൽ നിന്നുമായി നൂറോളം പേർ പങ്കെടുത്തു.

ദീപക് ശർമ്മ (സി. ഐ. എസ്. എഫ്), രത്ന കുമാർ സി (സിയാൽ സെക്യൂരിറ്റി), ഭാവന സാഗർ (സി. ഐ. എസ്. എഫ്), സീന കെ വി (ബി. ഡബ്ല്യു. എഫ്. എസ്) എന്നിവർ വിവിധ വിഭാഗങ്ങളിൽ വിജയികളായി.

അഗ്നി സുരക്ഷയെയും പ്രതിരോധത്തെയും കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി എല്ലാ വർഷവും ഏപ്രിൽ 14 മുതൽ 20 വരെ അഗ്നി സുരക്ഷാവാരം ആചരിക്കുന്നു.





▲ *സിയാൽ എ. ആർ. എഫ്. എഫ് ക്രോസ്സ് കൺട്രി റൺ മത്സരം എക്സിക്യൂട്ടീവ് ഡയറക്ടർ, എ എം ഷബീർ ഫ്ളാഗ് ഓഫ് ചെയ്യുന്നു*






▲ ക്രോസ്സ് കൺട്രി റൺ വിജയികൾ


CIAL




CIAL
COCHIN INTERNATIONAL AIRPORT LIMITED
FLY AROUND THE WORLD WITH CIAL
IndiGo
AIR INDIA
AIR INDIA express
AirAsia
ETIHAD
Emirates
OMAN AIR
SAUDI ARABIAN AIRLINES
QATAR AIRWAYS
KUWAIT AIRWAYS
SriLankan Airlines
GULF AIR
SINGAPORE AIRLINES
SpiceJet
flydubai
vistara
Fly the new feeling
ALLIANCE AIR
go AIR
Jazeera.
Maldivian
airarabia.com

# CIAL reaffirms its 3rd position in the country

**C**ochin International Airport Limited (CIAL) has retained its position as the 3rd busiest airport in India throughout 2021 owing to its fervent efforts which assured smooth traffic and enhanced connectivity during the time of the pandemic. As per the latest statistics released by the Airport Authority of India, CIAL stands at third position in the country in terms of international traffic in December too, a feat it has been enjoying since the beginning of the previous year.

As per the AAI data on international traffic for the month of December 2021, Delhi Airport topped the list with 8,42,582



passengers and Mumbai airport retained its second spot with 4,51,212. CIAL registered 301,338 international passengers, during December 2021 whereas Chennai Airport which is at the fourth position handled 2,46,387 international passengers. CIAL handled a total of 43,06,661 passengers during the whole year of 2021. Of that, 18,69,690 were international passengers. CIAL's passenger volume has almost increased by a million in 2021 when compared to that of 2020 .

CIAL managing director S. Suhas IAS attributed the traffic growth to the proactive measures taken by the management to attract more airlines. "Hon Chairman Shri. Pinarayi Vijayan and the board of directors have been consistently put their effort to re-establish air connectivity to Kochi from all international travel hubs during the time of the pandemic." Despite the spike in Covid cases, CIAL has successfully managed to facilitate a smooth traffic. A slew of measures was implemented to instil the confidence in both passengers and other stakeholders. The year 2021 witnessed the resumption of direct services to UK by Air India. : said Suhas.



Indian airports overall catered to a total of 25.12 million passengers in December 2021, compared to 23.23 million passengers in November. There were 19.64 million passengers in October, compared to 15.44 million in September and 14.26 million in August 2021. However, the growth in air passenger traffic has seen a slowdown since December-end because of the third wave of the covid-19 pandemic, with the rapid spread of the Omicron variant of corona virus. The country recorded 22.13 million domestic passengers in December, up from 20.72 million in November, while international passengers rose from 2.51 million to 2.99 million in the same period.

CIAL's timely response to the UAE's supreme council of disaster management's guidelines helped the airport to host the UAE services from July itself. Subsequently CIAL ramped up both rapid PCR and RTPCR testing and now the cumulative capacity of the three testing labs stationed at the airport enhanced to 900 at a time. Domestic sector witnessed a growth at par with pre pandemic period. As per the winter schedule which came effective from October 2021 scheduled 50 departures a day.



# CIAL summer schedule; 1190 operations weekly

**44 weekly departures to Dubai**


**Frequent connectivity to The Middle East, London, Kuala Lumpur & Bangkok**

**668 weekly domestic operations**

Cochin International Airport Ltd(CIAL), India's third busiest airport in international sector announced summer schedule. As per the summer schedule CIAL will have 1190 weekly air traffic movements as against 848 during the ongoing winter schedule.

According to the summer schedule, 20 airlines operate to destinations abroad among which 16 are International carriers operating 261 weekly departures. Indigo tops the list with 42 weekly departures to International destinations whereas Air India express will have 38 departure operations weekly. Air India express -38, Air Asia Berhad -21, Ethihad -21, Emirates -14, Oman Air -14, Qatar Air -14, Saudi Arabian -14, Kuwait air -8, Thai Air – 4, Srilankan -10, Gulf Air -7, Singapore Airlines-7, Spicejet - 6Fly Dubai -3 other prominent carriers operating frequent weekly services. There will be 44 weekly departures to Dubai Alone. Whereas Abu Dhabi comes second with 42 operations from Kochi.

Air India will continue their three weekly operations to London and Thai Air Asia will



resume its operations from Kochi in June, with 4 weekly direct flights to Bangkok. After a hiatus of 2 years Air Asia Berhad also having daily services to Kuala Lumpur from March itself.

CIAL schedules 668 domestic operations for the summer season offering connectivity with 13 cities in the country which includes 63 weekly flights to Delhi, 55 to Mumbai, 39 to Hyderabad, 49 to Chennai, 79 to Bangalore and 7 to Kolkata. There will be daily flight to Pune, TVM, Mysore, Kannur, Hubli and Agati, Ahmedabad.

CIAL managing director S Suhas IAS said that the zealous effort taken by the company to smoothen the traffic during the pandemic period has instilled a sense of safety among International Airlines. Hon'ble Chairman Pinarayi Vijayan and the Board of directors have taken an effort to increase the connectivity from Kochi. We believe this will give a fillip to our project to make Kochi an air traffic hub in South India, Suhas added.

CIAL had been handling 10 million passengers a year during the pre-pandemic era and implemented a slew of measures to increase the traffic during the period. CIAL handled a total of 43,06,661 passengers during the whole year of 2021. Of that, 18,69,690 were international passengers. CIAL's passenger volume has almost increased by a million in 2021 when compared to that of 2020.






# CIAL's passenger traffic doubled in FY 21-22

Cochin International Airport Limited (CIAL), the country's 3rd busiest airport has registered a nearly 100% increase in passenger traffic in 2021- 22 compared to the previous FY. The total passenger movement during the period from April 2021 to March 2022 grew by 92.6 % with the international sector showing a growth rate of 142%. The domestic sector grew by 63 %.

The airport handled 47,58,999 passengers, of which 22,31,256 passengers travelled in the international sector. During the period the total aircraft movement grew by 60 % to touch 43,195 as against 26,986 during the same period last year. Aircraft movements in the international sector grew by 115% and the domestic sector grew by 36%. CIAL managing director S . Suhas IAS said that the airport operator introduced a slew of measures to ensure seamless traffic during the pandemic time." We have incorporated processes driven by technology. CIAL has deployed automation-enabled technology at various checkpoints such as terminal entry, check-in, security gates and immigration counters. Facilities such as self-baggage drop, automated traffic management systems helped us during the pandemic period. The guidance of Hon. Chairman Shri. Pinarayi Vijayan was decisive in re-establishing connectivity to Kochi from all international travel hubs," added Suhas.

With the commencement of the normal commercial aviation operations, more services added and it is expected that foreign carriers such as Air Asia Berhad and Air Asia Thai will start operations from April itself. CIAL now handles 1190 air traffic movements weekly.




AirAsia
CIAL
COCHIN INTERNATIONAL AIRPORT LIMITED
ATIONAL AIRPORT
airasia.com
AirAsia
More flights now make
KUALA LUMPUR
closer
Air Asia Berhad schedules
weekly 4 flights for Summer 2022
Flight No | Sector | Frequency | Arr / Dep Hrs LT
AK 39 / 38 | KUL - COK - KUL | M,W,F,SU | 2300 / 2330

## Self baggage drop facility

# Fly smart @ CIAL



**Sreejith P.**
Sr. Manager
IT & Communication Dept.

**P**assengers flying from the Cochin international airport Ltd. (CIAL) will no longer need to stand in queues for check-in as the CIAL has installed automated self-bag drop machines. These machines will now make baggage check-in process just a 60-second task!

As part of CIAL's endeavour to improve the passenger experience & the airport service quality, a self-bag drop facility is provided in Terminal-1. The facility will help the passengers to drop the check-in bags on the conveyors themselves without any airline personnel assistance. The passengers can take the boarding pass print out & bag tag print out from the CUSS (Common use self-service) kiosks. CIAL already has 10 CUSS kiosks. After attaching the bag tag, the passengers can proceed to the self-bag drop facility & drop the bags The bag drop solution implemented is a retrofit solution. The retrofit type self bag drop helps the same check-in counter to be used in a normal way & also as a self-bag drop-enabled counter. This is cost-effective also. The advanced feature module of the self bag drop system will help to automatically carry out bag tag scanning by the system instead of the passenger manually scanning each bag tag. CIAL has currently implemented 4 numbers of self bag drop systems at check-in counters 27 to 30. SITA's Scan & Fly D Model with Scan Arch module manufactured in Canada is implemented. The same model is implemented in Seoul, South Korea also. The system is integrated with the Baggage Handling system of CIAL. CIAL is the second airport in the country to have a self bag drop facility. Currently, the facility can be used by the passengers of Air Asia, Go Air and Air India.



Thai AirAsia

CIAL
COCHIN INTERNATIONAL AIRPORT LIMITED




# BANG ON BANGKOK

## Thai AirAsia to resume operations from Kochi

| Flight No | Sector | Day/Frequency | Arr / Dep Hrs LT |
|---|---|---|---|
| FD 170/171 | DMK-COK-DMK | Wed, Sun | 2230/2300 |

# ഉന്നത സൈനിക ഉദ്യോഗസ്ഥർ സിയാൽ സന്ദർശനം നടത്തി

**ന്യൂ**ഡൽഹി നാഷണൽ ഡിഫൻസ് കോളേജ് ഉന്നത സൈനിക ഉദ്യോഗസ്ഥർക്കായി നടത്തുന്ന നാഷണൽ സെക്യൂരിറ്റീസ് ആന്റ് സ്ട്രാറ്റേജിക് സ്റ്റഡീസ് കോഴ്സിന്റെ ഭാഗമായി ഇന്ത്യയിലേയും വിദേശത്തേയും ബ്രിഗേഡിയർ റാങ്കിന് മുകളിലുള്ള 14 ഉദ്യോഗസ്ഥർ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം സന്ദർശിച്ചു.

ഇന്ത്യൻ സൈനിക വിഭാഗങ്ങളിലെ 11 പേരും സൗദി അറേബ്യ, നേപ്പാൾ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നിന്നുള്ള ഓരോ ഉദ്യോഗസ്ഥരുമാണ് പഠന പ്രവർത്തനത്തിന്റെ ഭാഗമായി സിയാലിൽ എത്തിയത്. ഹരിത ഊർജോത്പാദനത്തിലും വിമാനത്താവള ബിസിനസ് വൈവിധ്യവത്ക്കരണത്തിലും സിയാൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് സൈനിക ഉദ്യോഗസ്ഥരുമായി സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ് സംവദിച്ചു. കൊച്ചി വിമാനത്താവള പരിസരത്തെ 14 മെഗാവാട്ട് സൗരോർജ പ്ലാന്റ്, സിയാൽ ഗോൾഫ് കോഴ്സിലെ ഫ്ളോട്ടിങ് സൗരോർജ പ്ലാന്റ് എന്നിവ സംഘം സന്ദർശിച്ചു. സുസ്ഥിര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലും മാലിന്യം സംസ്ക്കരിക്കുന്നതിലും സിയാൽ അവലംബിച്ചിട്ടുള്ള മാർഗങ്ങൾ മാതൃകാപരമാണെന്ന് സംഘത്തലവൻ ബ്രിഗേഡിയർ എ.കെ. പുണ്ഡീർ വ്യക്തമാക്കി. മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ അശോക് കുമാർ സിങ് കോ-ഓഡിനേറ്ററായി പങ്കെടുത്തു.

സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ എ.എം. ഷബീർ, സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോസ് തോമസ് പി, ജനറൽ മാനേജർ ജോസഫ് പീറ്റർ തുടങ്ങിയവർ പങ്കെടുത്തു.



*▲ നാഷണൽ ഡിഫൻസ് കോളേജിന്റെ സെക്യൂരിറ്റീസ് ആന്റ് സ്ട്രാറ്റജിക് സ്റ്റഡീസ് കോഴ്സിന്റെ ഭാഗമായി സിയാലിൽ എത്തിയ ഉന്നത സൈനിക ഉദ്യോഗസ്ഥരുമായി സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ് സംവദിക്കുന്നു.*




Best Price. Great Convenience. Global Shopping

cochindutyfree.com | facebook.com/cochindutyfree

# CIAL wins 'covid champion' award at Wings India 2022

**C**ochin International Airport Ltd ( CIAL) has won the 'covid champion' award at Wings India 2022; Asia's largest event on civil aviation jointly organized by the Ministry of Civil aviation and FICCI at Begumpet airport Hyderabad. CIAL Managing Director Sri. S Suhas IAS received the 'Covid champions' trophy from Sri. Jyotiraditya Sc india, Hon. Minister for Civil Aviation.

CIAL has been selected for this award for the successful implementation of a meticulous project named ' Mission Safeguarding ' during the pandemic time to ensure safe travel at Kochi Airport. CIAL followed the 5R rule; Recognise, Respond, Repeat, Record & Refer for this project which maintained hassle-free passenger movement at the terminals.

The project comprehended extensive covid testing facilities, medical surveillance and follow up planning programmes ensuring seamless traffic. CIAL handled 4.3 million passengers during 2021 and became the third-largest airport in the country in the international sector.




CIAL managing director Sri. Suhas IAS receives ' covid champion' award from Sri. Jyotiraditya Scindia, Union minister for Civil Aviation at Wings India 2022 event

Wings India 2022 is Asia's largest event on Civil Aviation, providing a congenial forum catering to the rapidly changing dynamics of the sector, focusing on new business acquisition, investments, policy formation and regional connectivity.To ride the strong tailwinds and pave the way forward, the Ministry of Civil Aviation (MoCA), Airport Authority of India (AAI) and FICCI organized Wings India 2020 with an overarching theme "Flying for all" between March 12-15, 2020 at Begumpet Airport, Hyderabad. The event focuses on fostering partnerships to transform Indian Aviation by driving new innovative technology and the Role of conducive regulatory framework to facilitate the growth of the Civil Aviation Market. Prominent Ministers and CEOs from across the world shared their experiences in enhancing the Aviation ecosystem and put forth key analytical inputs on their success stories, experience and knowledge to develop aviation sector. The event includes the Global Aviation Summit focusing on robust growth and a gamut of opportunities. It aims to be the most comprehensive platform for the civil aviation sector



▲ *Sri. K.R Jyothilal IAS, Principal Secretary to Govt. of Kerala inaugurates CIAL's exhibition center, Wings India 2022 @ Begumpet Airport, Hyderabad.*




▲ *Team CIAL at Wings India 2022 ( Begumpet Airport, Hyderabad).*
*Happy to be a part of Asia's largest event on Civil Aviation. Celebrating ' India@ 75; new horizon for Aviation Industry '*

# Cochin Duty Free
# Pure Heart Lucky Draw

Hearty congratulations to
Yohannan Joy  from Alappuzha,
the winner of
Pure Heart mega promotion lucky draw
contest held among
Cochin Duty Free customers.




Key handover ceremony of PUREHEART Lucky Draw. The lucky winner is Yohannan Joy from Alappuzha.



best price,great convenience global shopping


# ഉദയസൂര്യന്റെ നാട്ടിൽ



**Jain Joseph**
Assistant Manager
Operations Dept.

സായാഹ്ന ചർച്ചകളിലെ പതിവ് സാമൂഹിക കാലിക സാമ്പത്തിക പരദൂഷണങ്ങൾക്കിടയിൽ ഒരു നോർത്ത് ഈസ്റ്റ് ട്രിപ്പ് പിടിച്ചാലോ എന്നൊരാശയം ഉയർന്നു വന്നപ്പോൾ 'നമുക്കിത് നേരത്തെ തോന്നാത്തതെന്താ ' എന്ന ഭാവത്തിൽ എല്ലാവരും പരസ്പരം നോക്കി. ലഡാക് ട്രിപ്പിന് അഞ്ചു വർഷങ്ങൾക്കു ശേഷം വീണ്ടുമൊരു ബുള്ളറ്റ് ട്രിപ്പ് എന്ന ആശയം എല്ലാവരുടെയും സിരകളെ ചൂട് പിടിപ്പിച്ചു. ആവേശം ചോർന്നു പോകാതിരിക്കാൻ വിഷ്ണു വാസുദേവനും ജോബിൻ ജേക്കബും ജേക്കബ് ബാബുവും ഞാനും ചേർന്ന നാലംഗ ടീം ഗൗഹാട്ടിയിലേക്കുള്ള ഫ്ളൈറ്റ് ടിക്കറ്റ് ആദ്യം തന്നെ എടുത്തു.

അരുണാചൽ പ്രദേശിലൂടെയുള്ള ബുള്ളറ്റ് യാത്രയെ കുറിച്ചും ഇന്നർ ലൈൻ പെർമിറ്റിനെക്കുറിച്ചും കൂടുതൽ അറിയാനായി ആദ്യം സമീപിച്ചത് വിഷ്ണു വാസുദേവന്റെ ബന്ധുവായ അരുണാചൽ പ്രദേശിൽ കേണലായി സേവനമനുഷ്ഠിച്ചിട്ടുള്ള സൈനിക ഉദ്യാഗസ്ഥനെയാണ്. എന്നാൽ ശക്തമായ മണ്ണിടിച്ചിൽ, മഞ്ഞു വീഴ്ച മൂലം തെന്നിക്കിടക്കുന്ന റോഡുകൾ, പെട്ടെന്നു പെയ്യുന്ന കോടമഞ്ഞിലെ കാഴ്ച മറയൽ, താഴ്ന്ന താപനിലയിൽ ഉണ്ടാകാവുന്ന ശാരീരിക ബുദ്ധിമുട്ടുകൾ തുടങ്ങിയവ ചൂണ്ടിക്കാണിച്ചു ബുള്ളറ്റ് യാത്രയെ ആദ്യം അദ്ദേഹം സ്നേഹപൂർവ്വം നിരുത്സാഹപ്പെടുത്തുകയാണുണ്ടായത്. എന്നാൽ ഞങ്ങളുടെ തുടർച്ചയായുള്ള നിർബന്ധവും റോഡ് ട്രിപ്പിനോടുള്ള ആഗ്രഹവും കണ്ട അദ്ദേഹം പിന്നീട് സമ്മതിക്കുകയും ഭുംലായിലേക്കുള്ള വെഹിക്കിൾ പാസും കൂടി ശരിയാക്കി തരാമെന്നു ഉറപ്പു തരികയും ചെയ്തു.



**ഡൊമസ്റ്റിക് ടൂറിസ്റ്റിനു അരുണാചലിലേക്കു പ്രവേശിക്കാൻ ഇന്നർ ലൈൻ പെർമിറ്റ് നിർബന്ധമാണ്. https://arunachalilp.com/index.jsp എന്ന അഡ്രസ്സിൽ ഇന്നർ ലൈൻ പെർമിറ്റിന് വേണ്ടി അപേക്ഷിക്കാവുന്നതാണ്, ഇന്ത്യ-ചൈന അതിർത്തിയിലുള്ള ബുംലയിലേക്കു പോകാൻ ഇന്നർ ലൈൻ പെർമിറ്റിന് പുറമെ Office of the Deputy Commissioner-Tawang ൽ നിന്നുള്ള സ്പെഷ്യൽ പാസ് Indian army cantonment ൽ നിന്ന് സ്റ്റാമ്പ് ചെയ്തു മേടിക്കേണ്ടതാണ്.**

## ഗൗഹാട്ടി

20-ാം തിയതി കൊച്ചിയിൽ നിന്ന് വിമാന മാർഗം യാത്ര തുടങ്ങിയ ഞങ്ങൾ ബാംഗ്ലൂർ വഴി ഉച്ചക്ക് മുൻപ് തന്നെ ഗൗഹാട്ടിയിലെത്തി. ജോബിന്റെ സുഹൃത്തായ ജിത്തു ജോളി കൂടി ഗൗഹാട്ടിയിൽ വെച്ച് ഞങ്ങളുടെ കൂടെ ചേർന്നു. പച്ചപ്പും ഹരിതാഭവും മഞ്ഞുമലയും പ്രതീക്ഷിച്ചിറങ്ങിയ ഞങ്ങളെ ഗൗഹാട്ടി ആദ്യമൊന്നു ഞെട്ടിച്ചു. പാലാരിവട്ടത്തിനും ഇടപ്പള്ളിക്കും ഒരു പടി മുന്നിൽ നിൽക്കുന്ന റോഡ് ബ്ലോക്കും ട്രാഫിക് നിയമങ്ങൾ കാറ്റിൽ പറത്തി റോഡിലൂടെ പരന്നൊഴുകുന്ന വാഹനങ്ങളും. എയർപോർട്ടിൽ നിന്നൊരു ടാക്സി പിടിച്ചു ഏകദേശം ഒന്നര മണിക്കൂർ കൊണ്ട് zola adventures ൽ എത്തി. zola adventures ഗൗഹാട്ടിയിലെ അറിയപ്പെടുന്ന ബൈക്ക് കാർ റെന്റൽസ് ടീം ആണ്. zola ടീമുമായി വിഷ്ണുവും ജേക്കബും നേരത്തെ തന്നെ സംസാരിച്ചു Royal Enfield Himalayan bs6 മോഡൽ അഞ്ചെണ്ണം ബുക്ക് ചെയ്തു വെച്ചിരുന്നു. 1650/രൂപ ആയിരുന്നു ദിവസ വാടക. ഞങ്ങളെത്തി രണ്ടുമണിക്കൂറിനുള്ളിൽ തന്നെ 5 വണ്ടികളും ക്വാളിറ്റി ടെസ്റ്റ് ചെയ്ത ശേഷം ഞങ്ങൾക്ക് കൈമാറി. ഇന്ന് തന്നെ

യാത്ര തുടങ്ങാനോ അതോ വിശ്രമിച്ചിട്ടു നാളെ തുടങ്ങിയാൽ മതിയോ എന്നായി പിന്നീടുള്ള ആലോചന. നല്ല കണ്ടിഷനിലുള്ള പുത്തൻ ഹിമാലയൻ കിട്ടിയ സന്തോഷത്തിൽ അന്ന് തന്നെ പറ്റാവുന്ന ദൂരം ഓടിക്കാമെന്നു തീരുമാനമെടുത്തു. വൈകിട്ട് നാലു മണിക്ക് ശേഷം വണ്ടി ഓടിക്കാമെന്നുള്ള തീരുമാനം യുക്തിപരമായിരുന്നില്ല എന്ന് കുറച്ചു ഓടിക്കഴിഞ്ഞപ്പോഴേ മനസിലായി. റോഡ് ബ്ലോക്ക് അതിന്റെ പാരമ്യത്തിലായതിനാൽ 20 - 30 KM വേഗതയിൽ നിരങ്ങി നിരങ്ങിയാണ് മുന്നോട്ടു പോയി കൊണ്ടിരുന്നത്. നിരങ്ങി നിരങ്ങിയുള്ള ഓടിക്കൽ കാരണം 411 CC എൻജിനിൽ നിന്നുള്ള ചൂടടിച്ചു കാലുകൾ പൊള്ളി തുടങ്ങി. ഏകദേശം രണ്ടു മണിക്കൂറെടുത്തു സിറ്റി ട്രാഫിക്കിൽ നിന്ന് പുറത്തിറങ്ങിയപ്പോഴേക്കും നന്നായി ഇരുട്ടി തുടങ്ങിയിരുന്നു. എതിരെ വരുന്ന വണ്ടികളുടെ ഹൈ ബീമും ഹെൽമെറ്റ് സ്ക്രീനിന്റെ ഗ്ലയറും കാരണം ഒരു വിധത്തിലാണ് 8 മണിയോടെ മംഗളദായിൽ എത്തിയത്. സാമാന്യം തരക്കേടില്ലാത്ത ഹോട്ടൽ മുറി കിട്ടിയത് കൊണ്ടും യാത്രയുടെ ക്ഷീണം നല്ല രീതിയിൽ ഉള്ളത് കൊണ്ടും ആദ്യ ദിവസത്തെ യാത്ര അവിടെ അവസാനിപ്പിച്ചു .

## മംഗൾഡോയി – ദിറാങ്

5 മണിക്ക് മുൻപ് തന്നെ ആസ്സാമിൽ സൂര്യൻ ഉദിക്കുകയും 6 മണിയോടെ സൂര്യൻ അസ്തമിക്കുകയും ചെയ്യും . അത് കൊണ്ട് തന്നെ മംഗൾഡോയിൽ നിന്ന് ഏകദേശം 240 KM അകലത്തിലുള്ള ദിറാങ് ലക്ഷ്യമാക്കി രാവിലെ 5 മണിയോടെ തന്നെ ഞങ്ങൾ യാത്ര തുടങ്ങി. കയ്യിൽ കരുതിയ ഡ്രൈ ഫ്രൂട്സ് ആണ് ഞങ്ങളുടെ യാത്രകളിലെ പ്രധാന പ്രഭാത ഭക്ഷണം. നീണ്ടു നിവർന്നു കിടക്കുന്ന NH 15 ൽ കൂടിയുള്ള യാത്ര പതിയെ പതിയെ വിരസമായി തുടങ്ങി. ഈ വിരസതയിൽ നിന്നൊരു ഉണർവ് നൽകിയത് ഗൂഗിൾ മാപ്പിന്റെ ചെറിയൊരു തമാശയാണ്. നാഷണൽ ഹൈവേയിൽ നിന്നും മാറി ഗൂഗിൾ മാപ്പ് പറഞ്ഞ വഴിയിലൂടെ മുന്നോട്ടു പോയ ഞങ്ങളെത്തിയത് വളരെ മനോഹരമായ ഒരു ഗ്രാമപാതയിലാണ്. റോഡിനിരുവശവും പരന്ന് കിടക്കുന്ന ചോള പാടവും പഴയകാല കേരളതനിമ തോന്നുന്ന പുല്ലു മേഞ്ഞ ചെറിയ വീടുകളും ഉരുള കിഴങ്ങു കൃഷി സ്ഥലങ്ങളും മുള വേലികളും ആസ്വദിച്ച് മുന്നോട്ടു നീങ്ങിയ ഞങ്ങളെത്തിയത് വലിയൊരു പുഴയുടെ കരയിലാണ്. പുഴക്ക് കുറുകേയുള്ള പാലത്തിന്റെ പണി ആരംഭിച്ചിട്ടേയുള്ളു. ഒരു പക്ഷെ പാലം പണിയുമെന്നുള്ള ഏതെങ്കിലും രാഷ്ട്രീയ വാഗ്ദാനം ഗൂഗിളിനെ തെറ്റിദ്ധരിപ്പിച്ചതുമാകാം. ഇത്രയും ദൂരം തിരിച്ചു വണ്ടി ഓടിക്കണമെല്ലോ എന്നോർത്ത് മടിച്ചു നിന്ന ഞങ്ങളുടെ അരികിലേക്ക് മിക്ക നാട്ടിൻപുറത്തും കാണാറുള്ള ഒരു ഇരുപതു രൂപ ചേട്ടനെത്തി. (ഇരുപതു രൂപ ചേട്ടൻ – നാട്ടിൻ പുറങ്ങളിൽ കണ്ടു വരുന്ന കാണപ്പെടുന്ന പരോപകാരിയായ പക്ഷെ നിപ്പനടിക്കാൻ 20 രൂപ ചോദിച്ചു മേടിക്കുന്ന ചേട്ടൻ). ഞങ്ങൾ നിൽക്കുന്നതിനു തൊട്ടപ്പുറത്തു പുഴക്ക് ആഴം കുറവാണെന്നും കാള വണ്ടി മുതൽ ലോറി വരെ ഇത് വഴി പോകാറുണ്ടെന്നും നിങ്ങൾ ധൈര്യമായി വണ്ടി ഇറക്കിക്കോളു എന്ന് പറഞ്ഞു അദ്ദേഹം ഞങ്ങൾക്ക് ആത്മ വിശ്വാസം പകർന്നു നൽകി. അദ്ദേഹത്തിന്റെ ആത്മവിശ്വാസത്തിന്റെ പ്രചോദനത്തിൽ പുഴയിലേക്കിറങ്ങാൻ തുനിഞ്ഞ ഞങ്ങളെ തദ്ദേശീയ വാസിയായ മറ്റൊരാൾ ഓടി വന്നു തടഞ്ഞു. 'പൊന്നു മക്കളെ ഈ പഹയന്റെ വാക്കു കേട്ട് അബദ്ധം കാണിക്കാതെ തിരിച്ചു പോടാ' എന്ന ആസ്സാമീസിൽ പറഞ്ഞത് ഭാഷയറിയില്ലെങ്കിലും അദ്ദേഹത്തിന്റെ ശരീര ഭാഷയും സാഹചര്യങ്ങളുടെ ഏകദേശ കിടപ്പുവശവും കൊണ്ട് ഞങ്ങൾക്ക് കൃത്യമായി മനസിലായി. വന്ന വഴിലൂടെ തിരിച്ചു പോകാനായി വണ്ടി തിരിക്കുമ്പോഴും 'ശ്ശേ ഒത്തില്ല' എന്ന ഭാവത്തിൽ ഇരുപതു രൂപ ചേട്ടൻ അവിടെ തന്നെ ചിരിച്ചു കൊണ്ട് നിൽക്കുന്നുണ്ടായിരുന്നു.



**ചൈനയോടും ഭൂട്ടാനോടും അതിർത്തി പങ്കിടുന്ന ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമാണ് അരുണാചൽ പ്രദേശ്. കിഴക്കേ അറ്റത്തു സ്ഥിതി ചെയ്യുന്നതിനാൽ ഇന്ത്യയിൽ ഏറ്റവും ആദ്യം സൂര്യോദയം കാണാനാവുന്നത് അരുണാചലിൽ ആണ്. അത കൊണ്ട് തന്നെ ഉദയ സൂര്യന്റെ നാട് എന്നും അരുണാചൽ അറിയപ്പെടുന്നുണ്ട്. ഹിമാലയൻ മല നിരകളാൽ സമ്പന്നമായ അരുണാചലിനെ പരസ്പരം ബന്ധിപ്പിക്കുന്നത് ബോർഡർ റോഡ് ഓർഗനൈസേഷൻ (BRO) പണിതു പരിപാലിക്കുന്ന റോഡുകളാണ്. പ്രകൃതി ഭംഗിയാൽ സമ്പന്നമെങ്കിലും ടാർ വീപ്പ പരത്തിയെടുത്ത ഷീറ്റുകളിൽ പണിതുയർത്തിയ കുടിലുകൾ ഇവിടുത്തെ ജനങ്ങളുടെ വിഭിന്നമായ സാമ്പത്തിക അവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു.**

ഭൈരബ്ക്കുണ്ടയിൽ ഉള്ള ചെക്ക് പോസ്റ്റിലെ പരിശോധനകൾക്കു ശേഷം മാത്രമേ അരുണാചലിലേക്കു പ്രവേശിക്കാനാവൂ. അരുണാചലിലെത്തിയതോടെ ചുറ്റുപാടുമുള്ള പ്രകൃതിക്കു പൊടുന്നനെ രൂപ മാറ്റങ്ങൾ കണ്ടുതുടങ്ങി. ഭീമാകാരങ്ങളായ പാറക്കെട്ടുകളും അവയെ വെട്ടിയൊതുക്കി ഒരുക്കിയെടുത്ത റോഡുകളും റോഡിനു മറുവശത്തായി കണ്ണെത്താത്ത ആഴത്തിലുള്ള കൊക്കയും. കാലാവസ്ഥ 35 ഡിഗ്രിയിൽ നിന്ന് 18 ഡിഗ്രിയിലേക്കു താഴ്ന്നു. പെരുമ്പാമ്പ് വരിയുന്നതു പോലെ മലകളെ ചുറ്റിപിണർന്നു കിടക്കുന്ന റോഡിലൂടെ ഞങ്ങൾ യാത്ര തുടർന്നു. മണ്ണിടിച്ചിലിനെ തുടർന്ന് ഇടിഞ്ഞു വീഴുന്ന പാറക്കഷണങ്ങൾ റോഡിലുടനീളം കാണാമായിരുന്നു. ഉച്ചയോടെ മംഗളദായിൽ നിന്ന് 200 KM അകലെയുള്ള ബോംഡിലായിലെത്തി. തദ്ദേശീയവാസിയായ ഒരു സ്ത്രീയുടെ കടയിൽ നിന്നും ഉച്ച ഭക്ഷണമായി യാത്രകളുടെ ദേശീയ ഭക്ഷണമായ മാഗിയും ഓംലെറ്റും മേടിച്ചു കഴിച്ചു. കടമുറിയെന്നു ആർഭാടത്തിനു പറയാമെങ്കിലും നിലത്തു ഷീറ്റു കെട്ടി മറച്ച കുടുസുമുറിയിൽ നാലഞ്ച് കസേരകളും വളർത്തുമൃഗങ്ങളും കുറച്ചു മിഠായി കുപ്പികളും ചേർന്നതാണ് ഓരോ കടകളും. സ്ത്രീകളാണ് മിക്ക കടകളുടെയും നടത്തിപ്പുകാർ. ഇവരുടെ കയ്യിലോ കടയുടെ ഒരു മൂലയിലോ ഇവരുടെ കുഞ്ഞുങ്ങളുമുണ്ടാകും.

ബോംഡില്ലയിൽ നിന്ന് ദിറാങ്ങിലേക്കു യാത്ര തുടർന്നപ്പോഴേക്കും കോടമഞ്ഞു കനത്തു തുടങ്ങിയിരുന്നു. ‘മഞ്ഞു, മല, ബുള്ളറ്റ് ആഹാ’ ഈയൊരു സംഗമത്തിന്റെ മനോഹാരിതയിൽ യാത്ര മുന്നോട്ടു തുടർന്നു. റോഡിനു നല്ല വഴുക്കലുണ്ടായിരുന്നത് യാത്രയുടെ വേഗതയെ സാരമായി ബാധിച്ചിരുന്നു. ദിറാങ്ങിനടുത്തുള്ള ഒരു കടയിൽ വെച്ച് പരിചയപ്പെട്ട രാഷ്ട്രീയ നേതാവ് കൂടിയായ ദാദ അദ്ദേഹത്തിന്റെ ഗസ്റ്റ് ഹൗസിൽ താരതമ്യേന വളരെ കുറഞ്ഞ നിരക്കിൽ അന്ന് രാത്രിയിലെ താമസം ശരിയാക്കി തന്നു. ദാദയുടെ ഗസ്റ്റ് ഹൗസിനോട് ചേർന്നാണ് ബ്രഹ്മപുത്ര ഒഴുകുന്നത്. ബുള്ളറ്റും ബാഗുകളും ഒതുക്കി വെച്ച ശേഷം തെളിഞ്ഞൊഴുകുന്ന ബ്രഹ്മപുത്രയുടെ തീരത്താണ് വൈകുന്നേരം ചിലവഴിച്ചത്. ചൂടുള്ള ദേശീയ രാഷ്ട്രീയ ചർച്ചകളുമായി ദാദയും ഞങ്ങളോടൊപ്പം കൂടി. ചിക്കനെ നിർത്തിയും കിടത്തിയും പൊരിച്ച വെറൈറ്റികൾ ഓർഡർ ചെയ്തെങ്കിലും ഒരു നാടൻ കോഴിയെ കൊന്നു അദ്ദേഹത്തിനറിയാവുന്ന രീതിൽ കറിവെച്ചതായിരുന്നു രാത്രി ഭക്ഷണം.

## സേലാ പാസ്

രാവിലെ 6 മണിയോടെ സേലാ പാസ് ലക്ഷ്യമാക്കി ഞങ്ങൾ യാത്ര തുടങ്ങി. മലകളാൽ വേർതിരിക്കപ്പെട്ട തവാങ്ങിനെ ഇന്ത്യയിലെ മറ്റു സ്ഥലങ്ങളുമായി ബന്ധപ്പെടുത്തുന്നത് സേലാ പാസ്സാണ്.

യാത്രക്കാർക്ക് വിരസത അകറ്റാനും ശ്രദ്ധ കേന്ദ്രീകരിക്കാനുമായി BRO(Border Roads Organisation) സന്ദേശ ഫലകങ്ങൾ വഴികളിലുടനീളം സ്ഥാപിച്ചിട്ടുണ്ട്. അതിൽ മനോഹരവും അർത്ഥവത്തുമായി തോന്നിയ ഒന്നാണ് ‘ഞങ്ങൾ മലയുടെ മാറിടം തുരന്നെങ്കിലും ജനഹൃദയങ്ങളെ അത്

**സേലാ പാസിന്റെ പേരിനു പിന്നിൽ രാജ്യ സ്നേഹത്തിന്റെ മനോഹരമായായ ഒരു കഥ പറഞ്ഞുകേൾക്കാറുണ്ട്. 1962 ലെ ഇൻഡോ - സിനോ യുദ്ധത്തിൽ ജസ്വന്ത് സിങ് എന്ന ഇന്ത്യൻ സൈനികൻ താരതമ്യേന ആധുനിക സൈനിക ഉപകരണങ്ങളുമായി ആക്രമിക്കുന്ന ചൈനീസ് സൈന്യത്തെ ഒറ്റയ്ക്ക് നിന്ന് നേരിടുകയായിരുന്നു. സേലാ എന്ന് പേരുള്ള ഒരു ട്രൈബൽ വനിതയാണ് ഭക്ഷണവും വെള്ളവും നൽകി അദ്ദേഹത്തെ സഹായിച്ചു കൊണ്ടിരുന്നത്. യുദ്ധത്തിനിടെ ജസ്വന്ത് സിംഗ് കൊല്ലപ്പെട്ടു കിടക്കുന്നതു കണ്ട അവർ സ്വയം ജീവനൊടുക്കുകയാണുണ്ടായത്, അവരുടെ സ്മരണാർത്ഥമാണ് ഈ പാസിന് സേലാ പാസ് എന്ന് പേരിട്ടതെന്നു പറയപ്പെടുന്നു.**



കൂടുതൽ കൂടുതൽ ഒന്നിപ്പിച്ചു. ഇതിനൊരുത്തമ ഉദാഹരണമാണല്ലോ, ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള ഞങ്ങൾ കിഴക്കേ അറ്റത്തെത്തിയത്. സേലാ പാസ്സിലേക്കു കയറും തോറും റോഡിന്റെ ചരിവും തണുപ്പിന്റെ തീവ്രതയും കൂടി കൂടി വന്നു. കോടമഞ്ഞു പൊതിഞ്ഞു കിടക്കുന്ന കാടിന്റെ നിശബ്ദതയെ കീറിമുറിച്ചു 5 ഹിമാലയൻ ബൈക്കുകൾ മുന്നോട്ടു നീങ്ങി. സേലാ അടുക്കും തോറും മരങ്ങളും ചെടികളും പതിയെ അപ്രത്യക്ഷ്യമായി, ചുറ്റുപാടും വിജനമാകാൻ തുടങ്ങി. ഈ വിജനതയിൽ മുന്നോട്ടു പോകും തോറും റോഡും ബുള്ളറ്റും ഞങ്ങളും കോടമഞ്ഞിന്റെ പുകമറയാൽ പൊതിയപ്പെട്ടു. ആകാശവും ഭൂമിയും ഒന്നായോരനുഭൂതി. ഇവയ്ക്കിടയിലൂടെ തെന്നി നീങ്ങുന്ന ധ്യാനാത്മകമായ ഒരനുഭവമാണ് യാത്ര ചെയ്യുന്ന എതൊരാൾക്കും അനുഭവിക്കാനാകുക.

സമുദ്രനിരപ്പിൽ നിന്നും ഏകദേശം 13700 അടി ഉയരത്തിലാണ് സേലാ പിസ്സ സ്ഥിതി ചെയ്യുന്നത്. സേലാ പാസ്സിലേക്കടുക്കും തോറും ശീതക്കാറ്റ് ശരീരത്തിനകത്തേക്കു തുളച്ചു കയറി തുടങ്ങി. മുന്നോട്ടുള്ള ഓരോ വളവു കഴിയും തോറും ഹിമാലയനിലെ Temperature റീഡിങ് 10 ,9 ,8 .....എന്നിങ്ങനെ കുറഞ്ഞു കൊണ്ടേയിരുന്നു. ഗ്ലൗസിട്ടിട്ടു പോലും കൈകൾ തണുത്തുറഞ്ഞു മടക്കാൻ പറ്റാതെയായി. കൈകൾ മരവിക്കാതിരിക്കാൻ വണ്ടിയുടെ എൻജിനിലും സൈലെൻസറിലും വരെ പിടിക്കുന്ന സാഹചര്യമുണ്ടായി. തണുത്തുറഞ്ഞു ഒരു വിധത്തിൽ സേലാ പാസ്സിലെത്തി. എത്തി നേരെ ഓടിക്കയറിയത് പട്ടാളക്കാരുടെ ക്യാന്റീനിലേക്കാണ്. തീ കാഞ്ഞു കൊണ്ടിരുന്ന ഞങ്ങൾക്കായി തമിഴ്നാട്ടുകാരനായ ഒരു പട്ടാളക്കാരൻ സ്നേഹം കൂടി കലർത്തിയുണ്ടാക്കിയ ചായയുടെയും ഓംലെറ്റിന്റെയും രുചി ഇപ്പോഴും വായിലുണ്ട്. അദ്ദേഹത്തിനു വേണ്ടി കോട മഞ്ഞു പെയ്യുന്ന ആ മലയിടുക്കിൽ കയ്യിലുണ്ടായിരുന്ന ബ്ലൂടൂത്ത് സ്പീക്കർ 'കാതൽ റോജാവേ' പാടിച്ചപ്പോൾ അദ്ദേഹവും ഞങ്ങളും അനിർവചനീയമായ വികാര വിചാരങ്ങളിലൂടെ കടന്നുപോയി .

സേലാ പാസിൽ നിന്ന് തവാങ്ങിലേക്കുള്ള റോഡ് വളരെ ദുർഘടം പിടിച്ചതായിരുന്നു. ഏകദേശം 12 km ഓളം തന്നെ ചെളി നിറഞ്ഞ മൺപാതയായിരുന്നു. ചെളി നിറഞ്ഞ ഓരോ വളവുകളിലും ഹിമാലയന്റെ ടയറുകൾ കാര്യക്ഷമത തെളിയിച്ചു കൊണ്ടേയിരുന്നു. പതിനൊന്നു മണിക്ക് സേലാ പാസിൽ നിന്ന് യാത്ര തുടങ്ങിയ ഞങ്ങൾ ഏകദേശം ഉച്ചയ്ക്ക് രണ്ടരയോടെ തവാങ്ങിലെത്തി.



തവാങ്ങിനടുത്തു തന്നെയാണ് "the divine paradise of complete victory" എന്നറിയപ്പെടുന്ന ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ബുദ്ധ ആശ്രമമായ Gaden Namgyal Lhatലെ സ്ഥിതി ചെയ്യുന്നത്. തവാങ് താഴ്വരയിൽ മൂന്ന് തട്ടുകളിലായി പരന്നു കിടക്കുന്ന ഈ ബുദ്ധാശ്രമത്തിന്റെ ദൂര കാഴ്ച വളരെ ആകർഷണീയമാണ്. ആശ്രമത്തിന്റെ പടവുകളിൽ ഓടിക്കളിക്കുന്ന കുട്ടി ലാമമാർ യോദ്ധ സിനിമയെയും അക്കൂസേട്ടനെയും കുറച്ചു നേരത്തേക്കെങ്കിലും ഓർമയിലെത്തിക്കാതിരിക്കില്ല .

**സുബേദാർ ജോഗിന്ദർ സിംഗ് പോരാടിയ ആർമി പോസ്റ്റ് ചൈന അതിർത്തിയിൽ ഇപ്പോഴും കാണാവുന്നതാണ്. ഈ സമയത്തെല്ലാം ഞങ്ങളോട് ചേർന്ന് തന്നെ വെള്ള വസ്ത്ര ധാരികളായ ചൈനീസ് പട്ടാളക്കാർ ബൈനോക്കുലറിലൂടെയും വീഡിയോ ക്യാമറയിലൂടെയും ഞങ്ങളുടെ ചലനങ്ങളെ നിരീക്ഷിക്കുന്നുണ്ടായിരുന്നു.**

## തവാങ്

തവാങ് ടൗണിനടുത്തു തന്നെ ഒരു മുറിയെടുത്ത ശേഷം വെറുതെ തവാങ് ലോക്കൽ മാർക്കറ്റ് കാണാനിറങ്ങിയ ഞാനും ജേക്കബുമാണ് ഗൂഗിൾ മാപ്പിന്റെ അടുത്തൊരു തമാശയ്ക്കിരയായത്. വൈകിട്ട് ആറുമണിയോടെ ഇരുട്ട് വീണു തുടങ്ങിയതു കണ്ടു തിരികെ താമസസ്ഥലത്തേക്ക് ഗൂഗിൾ മാപ്പിട്ടു യാത്ര തുടങ്ങിയ ഞങ്ങൾ എത്തിയത് അടഞ്ഞു കിടക്കുന്നു ഒരു ഗേറ്റിനു മുന്നിൽ. വീണ്ടും മാപ്പിട്ടു മുന്നോട്ടു പോയ ഞങ്ങൾ എത്തിയത് മറ്റൊരു അടഞ്ഞ വഴിയിൽ. പിന്നീടങ്ങോട്ട് മാർക്കറ്റിനും അടഞ്ഞ വഴികൾക്കുമിടയിലായി ഗൂഗിൾ മാപ്പ് ഞങ്ങളെ അങ്ങോട്ടുമിങ്ങോട്ടും കറക്കിക്കൊണ്ടേയിരുന്നു. ഏഴു മണിയായതോടെ ഇരുട്ട് ഭീകരതയുടെ മൂർദ്ധന്യാവസ്ഥയിൽ എത്തുകയും മഞ്ഞു വീഴ്ച തുടങ്ങുകയും ചെയ്തു. ഒഴിഞ്ഞ വീഥികളും മങ്ങിയ ജനൽ വെളിച്ചവും മാത്രമായി ചുറ്റിലും. ഗ്ലൗസോ ജാക്കെറ്റൊ മറ്റു മുൻകരുതലുകളോ ഇല്ലാതെ പുറത്തിറങ്ങിയ ഞങ്ങൾ രണ്ടാളും തണുത്തു നന്നായി വിറച്ചു തുടങ്ങി. കയ്യിൽ നിന്ന് പോകുമെന്നു തോന്നി തുടങ്ങിയപ്പോൾ മുറിയിൽ വിശ്രമിക്കുകയായിരുന്ന ജോബിനെയും വിഷ്ണുവിനെയും സഹായത്തിനായി വിളിച്ചു. വഴിയരികിൽ കാണുന്ന അടയാളങ്ങൾ പരസ്പരം വിളിച്ചു പറഞ്ഞു ഏകദേശം അരമണിക്കൂർ കൊണ്ട് ഞങ്ങൾ കണ്ടു മുട്ടി. മഞ്ഞു വീഴ്ചയിൽ നനഞ്ഞു വിറച്ചിരുന്ന ഞങ്ങൾ ഒരു വിധത്തിൽ തിരികെ താമസ

സ്ഥലത്തെത്തി കമ്പിളി പുതപ്പുകൾക്കുള്ളിലേക്കു വലിഞ്ഞു.

## ബുംല പാസ്സ്

സമുദ്ര നിരപ്പിൽ നിന്ന് 15,200 അടി ഉയരത്തിലുള്ള ബുംല പാസ്സ് സ്ഥിതി ചെയ്യുന്നത്. 1962 ലെ ഇന്ത്യ – ചൈന ആഭ്യന്തര യുദ്ധത്തിൽ ചൈനീസ് പട്ടാളക്കാർ ഇന്ത്യയിലേക്ക് ആക്രമിച്ചു കയറിയത് ബുംല വഴിയാണ്. അത് കൊണ്ട് തന്നെ ഓരോ നിശ്ചിത ദൂരം പിന്നിടുമ്പോഴും ഇന്ത്യൻ ആർമിയുടെ ചെക്ക് പോയന്റുകളിലെ രേഖ പരിശോധനകൾക്ക് ശേഷം മാത്രമേ മുന്നോട്ടു പോവാനാകുകയുള്ളു. ചെറിയൊരു കോട മഞ്ഞിന്റെ അകമ്പടിയോടെ മലഞ്ചെരിവുകളും ചെറിയ തടാകങ്ങളും ആസ്വദിച്ചു യാത്ര മുന്നോട്ടു നീങ്ങി. പതിയെ കാഴ്ച മൂടിയ ഒരു കോടമഞ്ഞിൻക്കൂട്ടങ്ങൾ വഴിമാറിയപ്പോൾ മുന്നിലായി ദൃശ്യചാരുതയുടെ മാസ്മരികത വിളങ്ങി മഞ്ഞുമൂടിയ മലഞ്ചെരിവുകളും താഴ്വാരങ്ങളും. ധവളവർണമായ കാൻവാസിൽ അലക്ഷ്യമായി പെൻസിൽ കൊണ്ട് കോറിയിട്ടതു പോലുള്ള റോഡുകളിലൂടെ ഞങ്ങൾ മുന്നോട്ടു നീങ്ങി. റോഡിലേക്ക് വീണു കിടക്കുന്ന ഐസ് പാളികൾ ആർമി നീക്കം ചെയ്തിരുന്നെങ്കിലും വഴുക്കുള്ളതിനാൽ വളരെ പതുക്കെയാണ് മുന്നോട്ടു പോയതു. ചുറ്റുമുള്ള മഞ്ഞു മൂടിയ മലകളുടെ സൗന്ദര്യം മെല്ലെ പോക്കിന് ആക്കം കൂട്ടി .

കൊൽക്കത്തയിൽ നിന്ന് ബുള്ളറ്റിൽ യാത്ര തിരിച്ച മധ്യവയസ്കരായ ദമ്പതികൾ 'ജന്നത് ഹേ ഏയ് ജന്നത്' എന്ന് വിളിച്ചു പറയുന്നത് കേട്ടുകൊണ്ടാണ് ബൊംല പാസ്സിലേക്കു ഞങ്ങളെത്തുന്നത്. ബൊംലയിൽ പ്രകൃതി ഒരുക്കിയ ദൃശ്യ വിരുന്നു കാണുന്ന ആർക്കും അവരുടെ അഭിപ്രായപ്രകടനത്തോട് വിയോചിക്കാനാവില്ല. മഞ്ഞുമൂടിയ സമതലത്തിൽ ഉയർന്നു നിൽക്കുന്ന ഇന്ത്യൻ ആർമി ക്യാമ്പിലെ ഉദ്യോഗസ്ഥർ സന്ദർശകരെ ഗ്രൂപ്പുകളായി തിരിച്ചു. ഉയർന്ന ഒരു പട്ടാള ഉദ്യോഗസ്ഥൻ ഞങ്ങളെ ഇന്ത്യ ചൈന ബോർഡറിലേക്കു നയിച്ചു. കമ്പി വേലി കെട്ടിയ അതിർത്തി എന്ന കാഴ്ചപ്പാടിന് വിപരീതമായി നിങ്ങൾ നിൽക്കുന്നതിനു ഇടതു വശത്തുള്ള മലനിരകൾ ഇന്ത്യയുടേതെന്നും വലതു വശത്തുള്ളത് ചൈനയുടേതുമാണെന്നു അദ്ദേഹം വിശദീകരിച്ചു. ചൈന അതിർത്തിയോട് ചേർന്ന് നിന്ന് അദ്ദേഹം പറഞ്ഞ, സുബേദാർ ജോഗിന്ദർ സിംഗിന്റെ പോരാട്ട വീര്യത്തിന്റെ കഥ എല്ലാവരിലും ദേശസ്നേഹത്തിന്റെ ആവേശമുയർത്തി.

**1962 ൽ ചൈനീസ് പട്ടാളം 200 പേരടങ്ങുന്ന മൂന്നു സംഘങ്ങളായി ബോംലയെ ആക്രമിച്ചു. ആദ്യത്തെ രണ്ടു സംഘങ്ങളുടെ ആക്രമണത്തെ സുബേദാർ ജോഗിന്ദർ സിംഗിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ പട്ടാളക്കാർ തകർത്തെങ്കിലും മൂന്നാമത്തെ ആക്രമണത്തിൽ ഇന്ത്യൻ പട്ടാളത്തിന്റെ ഭാഗത്തു വെടിക്കോപ്പുകളുടെ ദൗർലഭ്യത ഉണ്ടായി. മാരകമായി പരിക്കേറ്റ അദ്ദേഹത്തിന് പിന്മാറാനായി നിർദേശം കിട്ടിയെങ്കിലും വർധിത വീര്യത്തോടെ അദ്ദേഹവും സൈന്യവും ചൈനീസ് പട്ടാളക്കാരെ എതിരിടുകയാണുണ്ടായത്. കയ്യിലെ ആയുധ ശേഖരങ്ങൾ തീർന്നപ്പോൾ തോക്കിൻ തുമ്പിലുള്ള കുത്തുവാളുമായി (bayonet) അദ്ദേഹം ചൈനീസ് സൈന്യത്തിന് നേർക്കുനേരെ എതിരടുകയും കീഴടക്കപ്പെടുന്നത് വരെ അവർക്കു കനത്ത നാശം വരുത്തുകയും ചെയ്തു. യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ട അദ്ദേഹം ചൈനീസ് തടങ്കലിൽ വീരമൃത്യു വരിക്കുകയാണുണ്ടായത്. രാജ്യം അദ്ദേഹത്തെ പരം വീർ ചക്ര നൽകി ആദരിച്ചു. യുദ്ധ ശേഷം അദ്ദേഹത്തോടുള്ള ആദരസൂചകമായി ചൈനീസ് സൈന്യം അദ്ദേഹത്തിന്റെ ചിതാഭസ്മം പൂർണ ബഹുമതികളോടെ ഇന്ത്യൻ സൈന്യത്തിന് കൈമാറി.**






സുബേദാർ ജോഗിന്ദർ സിംഗ് പോരാടിയ ആർമി പോസ്റ്റ് ചൈന അതിർത്തിയിൽ ഇപ്പോഴും കാണാവുന്നതാണ്. ഈ സമയ ത്തെല്ലാം ഞങ്ങളോട് ചേർന്ന് തന്നെ വെള്ള വസ്ത്രധാരികളായ ചൈനീസ് പട്ടാളക്കാർ ബൈനോക്കുലറിലൂടെയും വീഡിയോ ക്യാമറയിലൂടെയും ഞങ്ങളുടെ ചലനങ്ങളെ നിരീക്ഷിക്കുന്നുണ്ടായിരുന്നു.

## തവാങ് – കൊച്ചി

ഇനി തിരിച്ചു നാട്ടിലേക്കുള്ള യാത്രയാണ്. രണ്ടു ദിവസം കൊണ്ട് 550 KM യാത്ര ചെയ്താലേ ഗൗഹാട്ടിയെത്താൻ പറ്റുക യെന്നുള്ളത് കൊണ്ട് രാവിലെ തന്നെ യാത്ര തുടങ്ങി. ഹൈവേ വഴി കൂടുതൽ ദൂരം സഞ്ചരിക്കാമെന്നുള്ളതു കൊണ്ട് തെസ്പുർ കൂടെയുള്ള വഴിയാണ് മടക്കയാത്രയ്ക്കായി തിരഞ്ഞെടുത്തത്. എന്നാൽ തെങ്ങാ വാലി മുതൽ ഭലക് പൊങിനുമിടയിൽ കിട്ടിയ കനത്ത മൂടൽ മഞ്ഞ് ഞങ്ങളുടെ കണക്കു കൂട്ടലുകളെ തെറ്റിച്ചു. കോടമഞ്ഞ് ആദ്യമൊക്കെ ആസ്വാദനകരമായിരുന്നെങ്കിലും എതിരെ വരുന്ന വാഹനങ്ങളെയും തൊട്ടുമുൻപിലെ കാഴ്ചകളെയും അത് മറച്ചു തുടങ്ങി. മിന്നിത്തെളിയുന്ന ഇൻഡിക്കേറ്ററിന്റെ മഞ്ഞ വെളിച്ചത്തിലാണ് മുന്നോട്ടു നീങ്ങി യത് ചാറ്റൽ മഴ കൂടെ പെയ്തു തുടങ്ങിയത് യാത്രയെ കൂടുതൽ ദുഷ്കരമാക്കി. ഇതിനൊരവസാനമില്ലേ എന്നൊരു മാന സിക അവസ്ഥയിൽ ആയി ഞങ്ങൾ. ഏകദേശം ഒന്നര മണിക്കൂറോളം എടുത്തു മൂടൽ മഞ്ഞിന്റെ പിടിയിൽ നിന്നും പൂർണമായും പുറത്തു വരാൻ .

തവാങിൽ നിന്ന് 330km സഞ്ചരിച്ചു തേസ്പൂരിൽ അന്ന് താമസിച്ച ശേഷം പിറ്റേ ദിവസം 200 km കൂടി യാത്ര ചെയ്തു ഗൗഹാട്ടിയിലെത്തി zolo adventures നു ബൈക്കുകൾ കൈമാറി കൊച്ചിയിലേ ക്കുള്ള വിമാനത്തിനായി ഗൗഹാട്ടി എയർപോർട്ടിലേക്കു യാത്ര തിരിച്ചു .

5 ദിവസങ്ങൾ, 1050 ഓളം KM, 38 ഡിഗ്രി മുതൽ 5 ഡിഗ്രി വരെയുള്ള കാലാവസ്ഥ വ്യതിയാനങ്ങൾ, തുടർച്ചയായ യാത്രയുടെ ശാരീരിക ബുദ്ധിമുട്ടുകൾ, ഇവയെല്ലാം മറി കടക്കാനായി മനസിൽ പതിഞ്ഞ മനോഹര ദൃശ്യങ്ങൾ ഇതൊക്കെയാണ് തവാങ് യാത്രയുടെ രത്ന ചുരുക്കം. വഴി കാഴ്ച കൾക്കപ്പുറം അനുഭവങ്ങളാണ് ഏതൊരു യാത്രയെയും അർത്ഥവത്താക്കുന്നത്. അതോടൊപ്പംതന്നെ തമ്മിൽ തമ്മിലും നാമും പ്രകൃതിയുമായുള്ള സൗഹൃദ ങ്ങളുടെ മാറ്റുരയ്ക്കൽ കൂടിയാണ് ഓരോ യാത്രകളും. ഈ അനുഭവങ്ങളുടെയും സൗഹൃദങ്ങളുടെയും കുന്നോളം ഓർമ്മക ളുമായി തിരികെ നാട്ടിലേക്കു മടങ്ങി.





## AVIATION SNIPPETS

## Longest non-stop flights in the world: Existing and proposed




Qantas will launch the world's longest non-stop commercial flight, with passengers set to spend 19 hours in the air traveling from Sydney to London by the end of 2025.After five years of planning, the airline said it was ordering 12 Airbus A350-1000 aircraft to operate the "Project Sunrise" flights to cities including London and New York.Non-stop flights will start from Sydney by the end of 2025, it said, with long-haul trips later planned to include Melbourne."New types of aircraft make new things possible," said Qantas chairman Alan Joyce, according to a statement."The A350 and Project Sunrise will make any city just one flight away from Australia," he said.

@ The Economic Times

## Airline industry calls for rationalisation of ATF taxes

New Delhi: India's domestic airlines have called for rationalisation of taxes on jet fuel to counter the massive rise in fuel prices.High crude oil prices led OMCs to hike ATF prices to more than Rs 1 lakh per kilolitre. In the national capital, the price of jet fuel was raised by 18.32 per cent to Rs 1,10,666.29 per kilolitre (kl) from Rs 93,530.66 per kl.In the other metro cities of Kolkata, Mumbai and Chennai, the price was increased to Rs 1,14,979.70, Rs 1,09,119.83 and Rs 1,14,133.73 per kl, respectively.

In India, the domestic ATF prices are derived from international fuel prices, denominated in the US dollar, thereby rendering the ATF prices susceptible to exchange rate movements.Notably, the rupee has also seen depreciation against the US dollar lately, which has been reflected in the prices.

@Indian Aviation News Net



## India Working Towards Making Airports Carbon-Neutral: Aviation Minister



Union Civil Aviation Minister Jyotiraditya Scindia said that India is working on making its airports carbon-neutral in future. The Union Minister, on Twitter, said work has been undertaken to make airports across the country carbon neutral in the near future so that India emerges as a responsible player in the international civil aviation industry. Scindia, at the headquarters of the International Civil Aviation Organization in Montreal, said the way the civil aviation industry of India has bounced back post the Covid-19 pandemic with all protocols in place shows its resilience and determination. With a robust and holistic plan for the future ministry will set new milestones in the air.The announcement was made by Scindia at the roundtable discussion, organised by the Canada-India Business Council on North America.

@ Asian News International

## Govt to enable self-registration for touchless travel under digi-yatra



In wake of the pandemic, the government has altered the process to register for digi-yatra (DY) program that will eventually allow a paperless air travel for passengers. Under the new process, people can enrol by digitally validating a government-issued I card like Aadhaar or driving licence. The DY credentials would be created using self service mode by the passenger with a government of India identity that is possible to be validated digitally. Right now, Aadhaar and driving licence are options available. Others like passport e-passport will be subsequently added in the future.In case there is an issue with this self registration, the originally pre-pandemic time envisaged procedure of registering for the first time at airport registration kiosks for the first time will remain available. In such cases " a one-time ID check and face biometric capture will be done at airport registration kiosk by the passenger at a DY-enabled departing airport

@ The Economic Times

## MOCA celebrates women in Aviation Sector; 2022



The Ministry of Civil Aviation (MoCA), in association with the Federation of Indian Chambers of Commerce Industry (FICCI) and the Women in Aviation India (WAI), organised an event to acknowledge and felicitate the contribution of women and to celebrate Women's Achievements in Indian Aviation sector.

30 women achievers who have played a significant role in the aviation sector and in the fields of drone technology, aerospace, defence services, flight safety, cargo, heavy equipment operations, civil engineering, strategic planning, customer relationship management, flight operations, and various aspects of airline operations were felicitated by Union Civil Aviation Minister in Delhi.The Indian Civil Aviation sector has seen an increase in the participation of women.

@Indian Aviation News Net

## Made-in-India aircraft takes off for its first commercial flight



Alliance Air's made-in-India Dornier 228 aircraft was deployed for its first commercial flight on the Dibrugarh-Pasighat route with Union ministers Jyotiraditya Scindia and Kiren Rijiju on board. The state-run Alliance Air became the country's first commercial airline to fly an Indian-made aircraft for civil operations. Till now, Dornier 228 planes were used by the armed forces only.The aircraft, manufactured by central PSU Hindustan Aeronautics Limited (HAL), took off from Dibrugarh in Assam and landed at Pasighat in East Siang district of Arunachal Pradesh.

@ businesstoday.in

## SpiceJet, Boeing, institute forge ties for eco-friendly aviation fuel

The coordination is part of their commitment to help reduce carbon emissions to achieve environmental goals, a press release from the three firms said. SpiceJet, Boeing and CSIR-Indian Institute of Petroleum (IIP) announced that they are working together to explore opportunities for the use of sustainable aviation fuel (SAF) in the Indian aviation industry.
SAF can reduce $CO_2$ emissions by as much as 65 per cent over the life-cycle of fuel with the potential to reach 100 per cent in the future. It is recognised as offering the most immediate and greatest potential to decarbonise aviation over the next 20 to 30 years, the release said.

@ businesstoday.in



Text & Snaps :

Jacob Babu

Vishnu Vasudev

# XUV 700 Modernized successor to a Legend



**X**UV 500 was a Game changer product for Mahindra on many accounts. It was their first own product on a monocoque chassis, it was their first attempt on premium SUV and had all the modern features of its time. It was a product which was a runaway success for Mahindra as it proved to be a worthy upgrade for the Scorpio / Bolero users at the time. Now, Mahindra has pulled the plug on this legend and launched a modernised version with an upgrade in the nomenclature too. Can the 700 override the success that 500 was? Lets find out.

In this episode we managed a test drive of the full option petrol model of the SUV , XUV 700 AX7L.

## Exterior

Though Mahindra claims the 700 to be a new platform, it bears lot of similarities to the outgoing 500. Mahindra has done a major rework on the grille, tail portion, headlamp cluster etc. but still we get the 500 vibe overall.

The overall increase in dimension is evident

| DIMENSIONS | XUV 700 | XUV 500 |
|---|---|---|
| Length (mm) | 4695 | 4585 |
| Width (mm) | 1890 | 1890 |
| Height (mm) | 1755 | 1785 |
| Ground Clearance (mm) | 200 | 200 |
| Wheel base (mm) | 2750 | 2700 |

and this along with the huge 18 inch diamond cut alloys helps in giving the vehicle an excellent street presence. One of the notable features is the smart door handles that pop out only when you unlock the car. It remains flushed with the door panel other times. Other notable features includes the all LED Headlamps, cornering lamps, tail lamps and fog lamps.

## Interior

The distinguishing feature in the interior is the huge display panel that covers almost 50% of the dashboard. The MID panel for the driver and the Infotainment screen is integrated as a single panel, which gives the interiors a luxury feel. The dash board is finished in dual tone with soft, white leather pad across the length of the dashboard along with brushed silver & piano black elements. The door pads are finished in black with faux wood inserts. Overall the interior fit and finish is good, though cannot be called as luxury in today's times.

Just like the XUV500, the interior is spacious enough for 5 adults to sit in comfort. Second row legroom is generous and Headroom is also sufficient at the front & back. The third row is not meant for carrying adults for long distances. May be 2 adults can adjust for short distances, but it is more suited for just kids.

The driver's seat has a 'welcome' function like some luxury cars. This means it'll slide back when you open the door (for easier ingress) and go back to its last set position once you close the door. Only the driver's seat gets electric adjustments, while the passenger seat has manual adjustments.

The white perforated leather upholstery looks great, but it will be a pain for long term use.

## Safety Features

In line with the current market trend, Mahindra has gone all the way to equip the XUV700 with loads of safety features. The highlight is the Advanced Driver Assistance System (ADAS), which is an integration of various features like forward collision warning, auto emergency braking, lane departure warning, lane keep assist, adaptive cruise control, smart pilot assist, traffic sign recognition and high beam assist. The ADAS system was tested extensively by us in the Airport road. It works perfectly well in the well-marked, median separated highway like our Airport road, but cannot be trusted to function as perfectly when driving in unseparated roads, where even road markings might be incomplete.

Apart from this, XUV 7OO get a TPMS (tire Pressure Monitoring System), 360-degree surround view monitor, blind view monitor, 7 airbags, driver drowsiness detection, auto booster headlamps (extra illumination when the speed is above 80 km/h), traction control, ESP, hill-hold, hill descent control, rollover mitigation, secondary collision mitigation, brake disc wiping, torque vectoring by braking and electronic brake prefill.

## Engine and Driving

The XUV 7OO is offered with 2.2 L turbo-diesel or 2.0 L turbo petrol engines. Both these engines are available with either 6 speed manual transmission or 6-speed auto transmission. Mahindra's m-Stallion turbo petrol engine is a smooth, refined and a very powerful engine that offers smooth throttle response & driveability. Turbo-lag is not much felt in the automatic transmission.



On the open road, the turbo-petrol's 197 BHP can unleash the beast and this means you will be doing illegal speeds without even realising it! Mahindra claims the XUV700 Petrol AT reached 150 km/h effortlessly in their test track and we find no reason to doubt this claim. In terms of real world cruisability, the XUV700 can do 100 or 120 km/h without breaking a sweat, and we are talking about a near 2 Ton SUV!!

## Our Impressions

Mahindra had already created a strong fan base with its XUV 5OO. The 7OO is aimed at taking this to new level. With the remarkable road presence, array of modern features and sensible pricing, the XUV 7OO has already shaken the market. Overall , the XUV 7OO offers a great alternative to the buyers looking at Tata Safari / Harrier, Jeep Compass , MG Hector etc. Don't miss to test drive this one too before finalising any vehicle from this segment.

*Courtesy for test drive: Pothen Autos Pvt Ltd, Companippady, Ph 7558889211*

| Variant | Ex-show room price (Rs) | TCS + Registration + Road tax + Fast tag + insurance (Rs) | On Road price (Rs) |
|---|---|---|---|
| Ax3 Petrol MT 5 Seater | 15,27,531 | 3,62,377 | 18,89,908 |
| Ax3 Diesel MT 5 Seater | 15,79,831 | 3,73,228 | 19,53,059 |
| Ax5 Petrol MT 7 Seater | 17,18,939 | 4,02,089 | 21,21,028 |
| Ax5 Petrol AT 5 Seater | 18,29,417 | 4,25,011 | 22,54,428 |
| Ax5 Diesel MT 7 Seater | 17,84,150 | 4,15,619 | 21,99,769 |
| Ax5 Diesel AT 7 Seater | 19,55,682 | 4,51,207 | 24,06,889 |
| Ax7 Petrol AT Luxury | 22,75,417 | 6,31,316 | 29,06,733 |
| Ax7 Diesel AT AWD Luxury | 24,58,087 | 6,78,348 | 31,36,435 |

| ENGINE | TURBO PETROL | TURBO DIESEL |
|---|---|---|
| Displacement (cc) | 1999 | 2198 |
| Max Power | 197 bhp @ 5000 rpm | 182 bhp @ 3500 rpm |
| Max Torque | 380 NM @ 1750 – 3000 rpm | 450 NM @ 1750 – 2800 rpm |
| Avg Mileage (Real World) | 8-10 km/L | 13-15 km/L |






# Woman achiever in Civil Aviation

Smt. BINI T. I (General Manager, CIVIL Dept)for being recognized by the Ministry of Civil Aviation, as one of the outstanding women achievers in Civil Aviation. She was felicitated by Sri. Jyotiraditya Scindia, Hon'ble Minister of Civil Aviation at function held at New Delhi.

Smt. Bini T. I. has been instrumental in the planning and construction of the Kochi Airport. She played a decisive role in the Project from inception to achieving operational capability in 1999. Subsequently she spearheaded the construction of the New International Terminal and renovation of the Domestic Terminal. She led a team of lady engineers to complete the runway re-carpeting in 2020.



# Women's day celebration

**M**inistry of Civil Aviation, in association with Women in Aviation India (WAI) and Federation of Indian Chambers of Commerce & Industry (FICCI), organized an event on March 16th to acknowledge the contribution of women and to celebrate Women's Achievements in Indian Aviation sector.

20 women achievers who have played a significant role in the aviation sector were felicitated during the event. Two women achievers were from Kochi Airport; Mrs Bini T I (CIAL) and Mrs Sophiya Anil ( BWFS). Award winners were felicitated by CIAL. Women representatives and officials from CIAL and other stakeholders; AAI, Meteorological department, AOCC, Airlines, Ground Handling, Security, Housekeeping, Cargo handling, CISF, Customs, Immigration, Trolley Handling etc attended the function.







BINI T I, woman achiever receives momento from Airport director ACK Nair



Mrs Sophia Anil (BWFS) woman achiever receives momento from Executive Director A M Shabeer






CIAL
COCHIN INTERNATIONAL AIRPORT LIMITED
GoAir.in
Hop over to OMAN, the Pearl of Arabia
Go Air to commence its first international operation from Kochi.
In addition to the 29 weekly services in kochi - Oman sector, operated by Oman Air, Air India Express & Indigo Airlines, Go Air schedules weekly 2 services to Oman.



▲ CIAL Golf club is now affiliated with the Trivandrum Golf club. CIAL MD S Suhas IAS and Mr. Raghuchandran Nair, Secretary, SAI Trivandrum golf club exchanged documents at the CGC.




▲ Shri. S Suhas IAS MD CIAL unveils the logo of Prayukthi;a mentoring program for junior officers

# Sharing of Wisdom series




▲ Shri. Johny Lukose (Director, Manorama News) interacted with CIAL officers on the topic 'Ethics of Media amidst stiff competition.'



▲ Shri. Dr. K.N. Raghavan ( Executive Director ,Rubber Board) interacted with CIAL officers on the topic 'Sports and Management .'

# സിയാൽ ഡേ കെയർ സെന്റർ

**കൊച്ചി വിമാനത്താവള കമ്പനി ജീവനക്കാരുടെ കുഞ്ഞുങ്ങൾക്കായി ക്രഷെ പ്രവർത്തനം തുടങ്ങി. ജീവനക്കാരുടെ, ആറു മാസം മുതൽ ആറു വയസ്സു വരെ പ്രായമുള്ള കുട്ടികൾക്കാണ് പ്രവേശനം. മൂന്ന് അധ്യാപകർ ഉൾപ്പെടെ ഏഴ് ജീവനക്കാരുണ്ട്. നവീകരിച്ച ക്രഷെയുടെ പ്രവർത്തനം സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഉദ്ഘാടനം ചെയ്തു.**



*▲ കൊച്ചി വിമാനത്താവള കമ്പനി ജീവനക്കാരുടെ കുഞ്ഞുങ്ങൾക്കായി തുടങ്ങിയ ഡേ കെയർ സെന്റർ ഉദ്ഘാടനത്തിനു ശേഷം സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് സൗകര്യങ്ങൾ വിലയിരുത്തുന്നു*





# യാത്രയയപ്പ്




▲ Sudhan T K *(Senior peon, Cargo)*



▲ Sheela V R *(Attendant ,commercial )*

# യാത്രയയപ്പ്



Tomy K Thomas *(Senior superintendent ,SG,ARFF)*



Alias T K *(Senior peon, Cargo)*

# യാത്രയയപ്പ്




Kala P Nair, *Joint General Manager, a Airport authority of India on her transfer*



Selvaraj Nadar, *Manager Saudi Airlines oh his retirement*




HAROON T A, *SI of Police on his retirement*






Painting by **Akhil V Vijayan**
ARFF, CIAL






Painting by **Sipin**
Supervisor, Fire Department






Water colour painting by
**Henosh Sajeev**
S/o Sajeev KD, Sr. Superintendent,
Electrical Department, CIAL

## Birthday



3rd Birthday, **Manuel dolly**
S/o Dollymon Jacob,
CIAL security department

## Wedding



**Albin Joseph**
(Junior Assistant  Electrical department)
and **Rose Joy**

*അകാലത്തിൽ അന്തരിച്ച*
*സഹപ്രവർത്തകൻ ശ്യാം കൃഷ്ണന്റെ ഓർമ്മക്ക്*

# ശ്യാമമേഘം



**സഹീൻ അഷ്‌റഫ്**
ജൂനിയർ അസി. ഗ്രേഡ് 3
ഏ.ആർ.ആർ.എഫ്

കൊടും വേനലിൽ...
പൊള്ളുന്ന വെയിലിൽ...
വേരു പിടിച്ച് വളരുവാൻ...
കഷ്ടതകളെ അതിജീവിക്കുന്ന...
കുടുംബ വൃക്ഷത്തിന് തണലായി...
അതിലേക്ക് നിയോഗിക്കപ്പെട്ടവനായി...
അവൻ ഈ ഭൂമിയിൽ ദൃശ്യനായി...

അവൻ വളർന്നു... അവരോടൊപ്പം...
മഴക്ക് മേഘമെന്നപ്പോലെ...
കൂടപ്പിറപ്പിന് അവൻ ഒരു കൂട്ടായി...
ആ മഴയിൽ കുരുത്ത...
കുഞ്ഞു പുൽനാമ്പിന് കളിത്തോഴനായി...
മഴവില്ലിനെന്നപ്പോലെ...
കൂട്ടുകാർക്കിടയിൽ ഉറ്റ ചങ്ങാതിയായി...

കാർമേഘം എന്ന് വിളിക്കുമ്പോഴും...
കാർമേഘത്തോട് സാമ്യപ്പെടുത്തിയപ്പോഴും...
ഒരു ചെറു പുഞ്ചിരിയോട...
മുന്നോട്ടുള്ള യാത്ര അവൻ തുടർന്നുകൊണ്ടിരുന്നു...

എല്ലാ ദിശയിലേക്കും എത്തിപ്പെടാൻ...
എല്ലാവർക്കും കുളിരേകാൻ...
കാറ്റിനൊപ്പം... ഇരു പാതയിലേക്കും...
അവൻ സഞ്ചരിച്ചുകൊണ്ടേയിരുന്നു...

അതിനിടയിൽ... അതിനിടയിൽ...
ഒരു നാൾ... ഒരു നാൾ...
ഒരു രാത്രിയാമത്തിൽ...
ആ സഞ്ചാര പാതയിൽ...
വേണ്ടപ്പെട്ടവരിൽ വേദന സമ്മാനിച്ച്...
അവന്റെ ആശകളും ആഗ്രഹങ്ങളും ബാക്കിയാക്കി...
ഒരു യാത്ര പോലും പറയാതെ...
ആ 'ശ്യാമ മേഘം' യാത്രയായി...
ഇല്ലായ്മ ഇല്ലാത്ത ലോകത്തിലേക്ക്...
കപടത അറിയാത്ത ദൂരത്തിലേക്ക്...

മായാതെ... മറയാതെ...
ശ്യാമ മേഘമായി മനസ്സിൽ നിലകൊള്ളുന്ന
ഞങ്ങളുടെ ശ്യാമിനായി...
ഒരു വിങ്ങലോടെ....




# നീതി




**തുളസി പ്രേംകുമാർ**
W/o പ്രേംകുമാർ, (സിയാൽ, സി ജി സി)
വൈസ് പ്രിൻസിപ്പാൾ
ശ്രീ ശബരി സെൻട്രൽ സ്കൂൾ
നൂറനാട്, ആലപ്പുഴ.


അശോകവനിയിലെ സീത
മൗനത്തിന്റെ കല്പടവുകളിലൂടെ
ഇറങ്ങി നടന്നു.
അന്തപ്പുരത്തിലെ സുഖങ്ങളും
കൊടും കാനനത്തിലെ ദുഃഖങ്ങളും
ലങ്കയിലെ വിരഹവും കലർന്ന
ജീവിതങ്ങളുടെ
പൊള്ളുന്ന വഴികൾ.
രജസ്വലയായ ദ്രൗപതിയെ
മാന്യന്മാർ ഇരുന്ന
സദസ്സിലേക്ക്
വലിച്ചിഴച്ചപ്പോഴും
അവളുടെ മനസ്സിലെ
കടലിരമ്പം
ആരും കേട്ടില്ല.
സീതക്കും ദ്രൗപതിക്കും
നീതി നിഷേധിച്ച
ഭാരത ഭൂമിയിലൂടെ
നമ്മളും...



# ഗുരുപർവം




**ദീപാനന്ദ്**
സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റ്
സിയാൽ



കദനങ്ങളില്ലാത്ത കണ്ണുനീരില്ലാത്ത
കഥകളായ് കവിതയായ് കാരുണ്യമായ്
നനവേകിയൊഴുകുമീ കാളിന്ദിയാറ്റിലെ
കനിവേകിയണയുമീ തണുവോളമായ്

കരുണതൻ പുൽകിളിക്കൂട്ടിലെ തണലുപോൽ
അബലരാം ഞങ്ങൾ ക്കൊരാശ്വാസമായ്
അരികിലായ് കൈവിരൽ തുമ്പിലെ കരുതലായ്
ഒളിചിന്നി എരിയുമൊരു പൊൻ ദീപമായ്

തണുവിരൽ തുമ്പിലെ ചന്ദന ചാന്തു പോൽ
ചെന്തളിരാകുമക്ഷര ചിന്തുകൾ ഏകി നീ
ശ്രുതിയീണമേകുന്ന വരവീണയേന്തി നീ
അകതാരിൽ അറിവിന്റെ അണയാത്ത നാളമായ്

ആഴി തിരയാകും ഉയിർ തേടി ഒഴുകുന്ന പുഴകളായ്
നിൻ ഇതൾ തണൽ തേടി അണയുന്ന കിളികളായ്

മനമേറെയോതുന്നു എന്നുള്ളിൽ എന്നെന്നും
പൊരുളേറെ യോതി തുണച്ച നിൻ
ജപനാമം



EDITOR'S NOTE

**സമവാക്യം**

# കോമൺസെൻസ്
# എന്ന അപകടകാരി

കോമൺസെൻസ് എന്നാൽ സാമാന്യബോധമാണ്. നമ്മൾ ഓരോരുത്തർക്കും വേണ്ടതായി കരുതപ്പെടുന്ന സ്വാഭാവിക ഗുണം. ഒരു പ്രശ്നം അല്ലെങ്കിൽ ഒരു വെല്ലുവിളി മുന്നിലെത്തുമ്പോൾ, അത് പരിഹരിക്കാൻ നമുക്ക് കിട്ടുന്ന എറ്റവും വലിയ ഉപകരണങ്ങളിൽ ഒന്നാണ് കോമൺ സെൻസ്. സാമാന്യബോധം ഉണ്ടായെങ്കിൽ അയാൾക്ക് അല്ലെങ്കിൽ അവൾക്ക് ഈ പ്രശ്നം ഉണ്ടാകുമായിരുന്നില്ലെന്ന് പലപ്പോഴും പറയും. കണക്ക് ചെയ്യുന്നത് മുതൽ കാറോടിക്കുമ്പോൾ വരെ നമ്മൾ കോമൺസെൻസ് ഉപയോഗിക്കണമെന്നാണ് പറയാറ്. നിത്യജീവിതത്തിൽ നമ്മൾ പലപ്പോഴും തീരുമാനങ്ങളെടുക്കുന്നതും മറ്റൊരാളുടെ പ്രശ്നത്തിൽ ഇടപെടുന്നതും സഹായിക്കുന്നതും ശത്രുത പുലർത്തുന്നതുമെല്ലാം കോമൺസെൻസ് ഉപയോഗിച്ചാണ്. ഒരു പ്രശ്നം, ഒരു പ്രോജക്ട് അല്ലെങ്കിൽ ഒരു വെല്ലുവിളി മുന്നിലെത്തുമ്പോൾ അത് പരിഹരിക്കാൻ നമ്മൾ ഉപയോഗിക്കുന്ന ഈ സംഗതി, അതായത് കോമൺസെൻസ് വളരെ അപകടകരമായ ഒരു പ്രശ്ന പരിഹാര ഉപകരണമാണെന്ന് വിദഗ്ധർ പറയുന്നു. പ്രശ്ന പരിഹാരത്തിന് നാം ആശ്രയിക്കേണ്ടത് കോമൺ സെൻസിനെ അല്ല ശാസ്ത്രീയ ചിന്താ പദ്ധതിയെ ആണ്. അതിലേയ്ക്ക് വരുന്നതിന് മുമ്പ് കോമൺസെൻസ് എന്താണെന്ന് നോക്കാം.



നമ്മുടെ മുൻധാരണകൾ, നമ്മുടെ പരിമിതമായ അറിവുകൾ, നമ്മൾ സ്ഥിരം ഇടപെടുന്ന ആൾക്കാർ, സ്ഥിരം ജീവിത/ തൊഴിൽ പശ്ചാത്തലം, വ്യക്തിപരമായ ധാരണകൾ.... ഈ ചുറ്റുവട്ടത്തിൽ നിന്നാണ് നമ്മുടെ കോമൺസെൻസ് ഉരുത്തിരിയുന്നത്. അതായത് സാമാന്യബോധം എന്ന കോമൺസെൻസ് സാമാന്യമല്ല. എല്ലാർക്കും ബാധകമുള്ളതല്ല. മറിച്ച് അത് വ്യക്തിനിഷ്ഠമാണ്. അതുകൊണ്ടുതന്നെ ഒരു പൊതുപ്രശ്നത്തിൽ ശരിയായ തീരുമാനമെടുക്കാൻ അതിനെ ആശ്രയിക്കാൻ പാടില്ല. മറ്റൊന്ന്, നമ്മുടെ തോന്നലുകളാണ്. മറ്റുള്ളവരെക്കുറിച്ച്, അല്ലെങ്കിൽ ഒരു സംഭവത്തെക്കുറിച്ച് നമ്മുക്കുണ്ടാകുന്ന തോന്നലോ വെളിപാടോ ഒക്കെ നമ്മുടെ കോമൺ സെൻസിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. . ഇതിനെ പൊതു മനശ്ശാസ്ത്രം അഥവാ ഫോക് സൈക്കോളജി എന്നു പറയുന്നു. മറ്റൊരാൾ സങ്കടപ്പെട്ടിരിക്കുന്നത് നമ്മൾ കാണുമ്പോൾ, കാര്യമറിയുന്നതിന് മുമ്പ് അതിന്റെ കാരണം നമ്മൾ മനസ്സിലാക്കും. അതായത് നമ്മുടെ കോമൺസെൻസ് വച്ച് അത് വിശകലനം ചെയ്യും. നമ്മൾക്ക് തോന്നുന്ന കാരണം കൊണ്ടാണ് മറ്റേയാൾക്ക് സങ്കടമുണ്ടാകുന്നതെന്ന് നമ്മൾ ധരിക്കും. അത് ലോകതത്ത്വവും പ്രപഞ്ചസത്യവുമായി നമ്മൾ കരുതും. പിന്നെ അയാളുടെ പ്രശ്നം പരിഹരിക്കാൻ നമ്മൾ നിർദേശിക്കുന്നത് ഈ പ്രപഞ്ച സത്യം വച്ചാകും. അവിടെയാണ് കോമൺസെൻസിന്റെ അപകടം. 'പതിനെട്ടുവയസ്സ് എത്തുന്നതിന് മുമ്പ് നമ്മുടെ മനസ്സിൽ നിക്ഷേപിക്കപ്പെടുന്ന മുൻവിധികളുടെ ശേഖരം എന്നതിൽ കവിഞ്ഞ് കോമൺ സെൻസിന് ഒരു പ്രാധാന്യവും കൽപ്പിക്കേണ്ടതില്ല'' എന്ന് പറഞ്ഞത് സാക്ഷാൽ ആൽബർട്ട് ഐൻസ്റ്റൈൻ ആണ്. സമയം, സ്ഥലം എന്നിവ സ്ഥിരമാണ് എന്നാണ് കരുതപ്പെടുന്നത്. അതൊരു കോമൺ സെൻസാണ്. ഈ കോമൺസെൻസ് ആണ് ആപേക്ഷിക സിദ്ധാന്തത്തിലൂടെ ഐൻസ്റ്റൈൻ തിരുത്തിയത്. കുട്ടിയ്ക്ക് മിടുക്കുണ്ടെങ്കിൽ ഏത് സ്കൂളിൽ ചേർത്താലും പഠിക്കും എന്നുപറയുന്നത് കോമൺസെൻസാണ്. സ്ത്രീകൾ, പുരുഷൻമാരേക്കാളും സംസാരിക്കും എന്നുപറയുന്നത് മറ്റൊരു കോമൺ സെൻസാണ്. ഈ ' അറിവിന്റെ' അടിസ്ഥാനത്തിൽ നമ്മൾ പലപ്പോഴും തീരുമാനങ്ങൾ കൈക്കൊള്ളുക. എന്നാൽ മേൽപ്പറഞ്ഞവയെല്ലാം തെറ്റെന്ന് നിരവധി സർവേകളും സാമൂഹ്യ പഠനങ്ങളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആ പഠനങ്ങളെക്കുറിച്ച് അറിയാത്തവർ മേൽപ്പറഞ്ഞ കോമൺസെൻസുമായി തീരുമാനങ്ങളെടുക്കും.

ഇനി, കോമൺസെൻസിന് പകരം എന്താണ് എന്ന ചിന്തയിലേയ്ക്ക് വരാം. സന്ദേഹം ഒരു ശീലമാക്കി വളർത്തിയെടുക്കുക (Skepticism) എന്നതാണ് അതിൽ പ്രധാനം. സംശയരോഗി ആവുക എന്നതല്ല, മറിച്ച് എന്തിനും ഏതിനും നമ്മൾക്ക് കോമൺസെൻസ് വഴി തോന്നുന്ന പരിഹാരം, നിർദേശം മാറ്റിവയ്ക്കുക. നമ്മുടെ മുൻവിധി മാറ്റിവച്ച് മറ്റ് പല വീക്ഷണകോണുകളിൽ കൂടി കാര്യങ്ങളെ കാണാൻ ശ്രമിക്കുക. സദാ തെളിവ് തേടുക. ബദൽ മാർഗങ്ങൾ, സമീപനങ്ങൾ ഉണ്ടോ എന്ന് ആരായുക. രണ്ടാമത്തെ വഴിയാണ് നിശ്ചയമില്ലായ്മയെ അംഗീകരിക്കുക (Tolerence for Uncertainity) എന്നത്. അതായത്, നമുക്ക് നേരിട്ട് പരിചയമില്ലാത്ത പലതും ഈ ലോകത്ത് നടക്കുന്നുണ്ട്. പലതിന്റേയും തെളിവുകൾ ശാസ്ത്രജ്ഞർ അല്ലെങ്കിൽ അതത് വിഷയത്തിലെ വിദഗ്ധർ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അതൊരു യാഥാർത്ഥ്യമാണ്. അത് നമുക്ക് അറിയാത്തതാണ് പ്രശ്നം. ഒരു പ്രോജക്ട് / ദൗത്യം/ പ്രശ്നം മുന്നിലെത്തുമ്പോൾ, നമ്മുടെ കോമൺ സെൻസ് ഉപയോഗിച്ച് സമീപിക്കുന്നതിന് പകരം, ശാസ്ത്രത്തെ, ഡാറ്റയെ, വിദഗ്ധരെ ആശ്രയിക്കുക.

സന്ദേഹിക്കുക, അജ്ഞതയെ അംഗീകരിക്കുക, നിരന്തരം വിമർശന ബുദ്ധിയോടെ പ്രശ്നങ്ങളെ സമീപിക്കുക, തെളിവുകൾ അല്ലെങ്കിൽ മുൻ പഠനങ്ങൾ എന്നിവയ്ക്കായി സദാ അന്വേഷിക്കുക....ഈ പദ്ധതിയാണ് ശാസ്ത്ര ബോധം. ശാസ്ത്രബോധം വളർത്തിയെടുക്കണമെങ്കിൽ ആദ്യം മുൻവിധി മാറ്റണം, പിന്നീട് സന്ദേഹം വളർത്തണം, മൂന്നാമത് ബദൽ മാർഗങ്ങൾ അന്വേഷിക്കണം. ആര് പറയുന്നു എന്നതിന് ഒരിക്കലും പ്രാധാന്യം നൽകരുത്. ഉള്ളടക്കത്തിലാണ് കാര്യം. അതിനാൽ ശാസ്ത്രചിന്ത വളർത്തിയെടുക്കൂ... സിയാലിനും കിട്ടട്ടെ അതിന്റെ പ്രയോജനം.



**പി.എസ്.ജയൻ**

# CIAL
# GOLF COURSE








## CIAL GOLF CLUB

☎ 0484 2610115 - Extn. 2614 | 0484 3053598 | www.cialgolfclub.in

JANUARY - MARCH 2022
GREEN PORT
Cochin International Airport Ltd. Magazine

Volume 8, Issue -22

